ഹെർമ്മോൻ ദൂതൻ




പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**വെരി റവ. സ്കറിയാ ഏബ്രഹാം**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കൺവീനർ
**ശ്രീ. എബി പാപ്പച്ചൻ**

കമ്മിറ്റി അംഗങ്ങൾ
**റവ. ജോർജ്ജ് ഏബ്രഹാം**
**ശ്രീ. ജോസഫ് വർഗീസ്**
**ശ്രീ. ഫിലിപ്പ് വർഗീസ്**
**ശ്രീ. ജേക്കബ് ജോർജ്ജ്**

ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**



വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ, അടൂർ–691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org



**വാർഷിക സംഖ്യ – 100/–**
**ദ്വൈവാർഷികം – 150/–**


# ഉള്ളടക്കം


**ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്**

**ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ**

**എഡിറ്റോറിയൽ**

**6 തെരുവിലെ ഉണർത്തുപാട്ട്**
യഹൂദന്മാരായ ശിഷ്യന്മാരും ധനവാനായ ചെറുപ്പക്കാരനും കണ്ടെത്താത്ത മിശിഹായെ അന്ധനായ ബർത്തിമായി കണ്ടെത്തുന്നു. : റവ. എ. റ്റി. തോമസ്

**8 വിളിയും നിയോഗവും**
ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തിൽ പങ്കാളിയാകുവാനുള്ള ആഹ്വാനം : വെരി. റവ. സ്കറിയ എബ്രഹാം

**9 ദൈവവിളിയുടെ നിയോഗവഴികൾ**
സമകാലിക ലോകത്തിന്റെ പുത്തൻ ആവിഷ്കാരങ്ങളും അതിന്റെ അപായപ്പെടുത്തലുകളുടെയും മധ്യത്തിൽ വിളിയും നിയോഗവും തിരിച്ചറിയുക : റവ.മോൻസി വർഗ്ഗീസ്

**11 സാമൂഹ്യനീതിയുടെ പ്രവാചകൻ**
മനുഷ്യ ജീവിതത്തിന്റെ താത്പര്യങ്ങൾ ഉൾക്കൊള്ളുകയെന്നത് സഭയുടെ താത്പര്യങ്ങളാകുവാനുള്ള ജീവിതശൈലി കാട്ടിയ പ്രവാചകൻ

**13 ദർശനങ്ങളിലൂടെ**

**17 പരിസ്ഥിതി സംരക്ഷണവും മാലിന്യ നിർമ്മാർജ്ജനവും**
പ്രകൃതിസംരക്ഷണം ജീവന്റെ നിലനിൽപ്പിന് ആധാരം ആണെന്നുള്ള ചിന്തകൾ
ഷോർലി തോമസ്

**18 സഫലമീ ജീവിതയാത്ര**
ജീവിതത്തിലൂടെയും ശുശ്രൂഷയിലൂടെയും ജീവിതം യാത്ര സഫലമാക്കിയ പുരോഹിതൻ : റവ. പി. എൻ. അലക്സാണ്ടർ

**20 ചരിത്രത്തിന്റെ പാതയിലെ വഴിവിളക്ക്**
ഭാരതത്തിലെ ക്രൈസ്തവ സഭയ്ക്ക് പുതിയ ചരിത്രം സമ്മാനിച്ച ഡോ. മാർ ക്രിസോസ്റ്റം തിരുമേനിയെക്കുറിച്ച്

**21 Book of Genesis**
Youth Bible Study-Sherin J Tharakan

**22 Kids Corner**

**24 വാർത്തകൾ വിശേഷങ്ങൾ**





# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**ക**ർത്താവിൽ പ്രിയരെ,

ഏവർക്കും സ്നേഹവന്ദനം. 2016 ഏപ്രിൽ 1 മുതൽ ഭദ്രാസന അദ്ധ്യക്ഷനായി ചുമതലയിൽ പ്രവേശിക്കുവാൻ ദൈവം കൃപ ചെയ്തു. കഴിഞ്ഞ ഏഴു വർഷം നമ്മുടെ ഭദ്രാസന അദ്ധ്യക്ഷനായി സ്നേഹവായ്പ്പോടെ ശുശ്രൂഷകൾ ചെയ്ത് തിരുവനന്തപുരം കൊല്ലം ഭദ്രാസന അദ്ധ്യക്ഷനായി ചുമതലയിൽ പ്രവേശിച്ച അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിക്ക് ഏവരുടെയും പേരിൽ നന്ദി രേഖപ്പെടുത്തുന്നു. തിരുമേനിയുടെ ഭദ്രാസന പ്രവർത്തനങ്ങൾ അനുഗ്രഹകരമാകുന്നതിനായി പ്രാർത്ഥനയും ആശംസകളും അറിയിക്കുന്നു.



6 സെന്ററുകളിലായി 93 ഇടവകകളാണ് നമ്മുടെ ഭദ്രാസനത്തിൽ ഉള്ളത്. ഓരോ ഇടവകയും മാർത്തോമ്മാ സഭയുടെ പ്രാദേശിക സാന്നിദ്ധ്യമായി മനസ്സിലാക്കി മാതൃകാപരമായ പ്രവർത്തനങ്ങൾ നിറവേറ്റണം. നമ്മുടെ ഇടവകകകൾ എല്ലാം ഓരോ കരുതൽ സമൂഹമായി രൂപാന്തരപ്പെടണം. കുടുംബങ്ങളുടെ പുതുക്കവും, ഇടവകകളുടെ നവോത്ഥാനവും ലാക്കാക്കിയുള്ള പ്രവർത്തനങ്ങളായിരിക്കണം നടത്തേണ്ടത്. ഓരോ കുടുംബവും ഒരു ചെറു സഭ (Little church) എന്ന പ്രകാരേണ ആത്മീയ ചൈതന്യത്തിന്റെ ഇടവകകളായി മാറണം. കുടുംബ ശാക്തീകരണം ഏവരുടെയും താല്പര്യമാകണം. കുടുംബാംഗങ്ങൾ തമ്മിൽ തമ്മിലുള്ള സ്നേഹവും ആദരവും കുടുംബങ്ങൾ പരസ്പരം ഐക്യത്തിലും സഹകരണത്തിലും വർത്തിക്കണം. ക്രമീകൃതമായ കുടുംബ പ്രാർത്ഥനകളും തിരുവചനധ്യാനവും പഠനവും ദിനംതോറും നടക്കുന്നുവെന്നു ഉറപ്പാക്കണം. ഇതിന് സഹായകമായ വിധത്തിലുള്ള പദ്ധതികളും പരിപാടികളുമായിരിക്കണം ഇടവകകൾ തോറും നടപ്പാക്കേണ്ടത്. കുഞ്ഞുങ്ങൾക്കും, യുവജനങ്ങൾക്കും വയോജനങ്ങൾക്കും അതീവ ശ്രദ്ധ നൽകണം. ഭവനസന്ദർശനങ്ങളിലൂടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായ ഹസ്തം നീട്ടുവാൻ കഴിയണം.

ഇടവകകൾ സ്നേഹത്തിന്റെ കൂടിവരവുകൾ ആകണം. ക്രമമായി ആരാധനയിലെ പങ്കാളിത്തം ഉറപ്പാക്കണം. ഓരോ പ്രായ പരിധിയിൽ ഉള്ളവർക്കായി സഭ നിഷ്കർഷിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ എല്ലാവരുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കണം. ഇടവക ചുമതലക്കാരും ആലോചനാ സമിതി അംഗങ്ങളും വികാരിയച്ചന്മാരോടൊത്ത് പ്രവർത്തിക്കണം. എല്ലാകാര്യങ്ങളും ചർച്ച് ചെയ്ത് ഉചിതമായ തീരുമാനങ്ങളോടെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കണം. വാശിയോ വൈരാഗ്യമോ ആരോടും വച്ച് പുലർത്തുവാൻ ഇടയാവരുത്. അതാതു കാലങ്ങളിൽ ചുമതലയിൽ പ്രവേശിക്കുന്നവർ വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം ചിട്ടയായി ഇടവകയുടെ കാര്യവിചാരകത്വം നിർവഹിക്കണം. സഭാ ഭരണഘടനയിൽ പറഞ്ഞിരിക്കുന്നവ അതെ പടി പാലിച്ചു വേണം പ്രവർത്തിക്കുവാൻ. ഓരോ വർഷവും മെയ് 31-ാം തീയതിക്കകം

ഇടവകയുടെ റിപ്പോർട്ടും തെരട്ടും, പുതുവർഷത്തെ ബഡ്ജറ്റും പാസ്സാക്കി ഭദ്രാസന അദ്ധ്യക്ഷന്റെ അംഗീകാരം നേടിയിരിക്കണം. ഇടവക സന്ധാരണം ഭംഗിയായി നടത്തിക്കൊണ്ടുപോകുവാൻ സഹായകമായ വിധത്തിൽ വരുമാനങ്ങൾ നൽകുന്നതിൽ ഇടവകക്കാർ ശുഷ്കാന്തിയോടെ പ്രവർത്തിക്കണം.

ഓരോ ഇടവകയും ഭദ്രാസനത്തിന്റെയും സഭയുടെയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ കൈത്താങ്ങൽ നൽകണം. മിഷൻ പ്രവർത്തനങ്ങൾക്കായി പ്രത്യേകം വേർതിരിച്ചിരിക്കുന്ന സുവിശേഷ നിധി ആണ്ടിൽ രണ്ട് പ്രാവശ്യമായി ശേഖരിച്ച് ഭദ്രാസന ആഫീസിൽ അടച്ച് രസിത് കൈപ്പറ്റേണ്ടതാണ്.

ഭദ്രാസനമായി നേതൃത്വം നൽകുന്ന മിഷൻ കേന്ദ്രങ്ങളായ തറയിൽ കടവ്, പുതുപ്പള്ളി, പൂതങ്കര, കുന്നത്തൂർ, പുന്നല, സത്യവാടി, ഗഡ്കേശ്വർ, സ്ഥാപനങ്ങളായ പിടവൂർ ആശാഭവൻ, വവ്വാക്കാവ് ശാന്തിമന്ദിരം, പള്ളിപ്പാട് ദീപ്തി ബാലിക ഭവൻ, മാവേലിക്കര ജ്യോതിസ് ആദിയായവയുടെ പ്രവർത്തനങ്ങളിൽ സവിശേഷമായ സഹായസഹകരണങ്ങൾ നൽകണം. സെന്ററുകൾ സന്ദർശിക്കുന്നതിനും അവിടങ്ങളിലെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കുന്നതിനും ഉത്സാഹിക്കണമെ. തറയിൽ കടവിൽ 80-ൽപരം വിദ്യാർത്ഥികൾക്കു അവധിക്കാല ട്യൂഷൻ നൽകി വരുന്നു. സ്കൂൾ തുറന്നതിനുശേഷവും ആ ട്യൂഷൻ തുടരാനാണ് ആഗ്രഹിക്കുന്നത്. സ്കൂൾ സമയം കഴിഞ്ഞ് കുട്ടികൾ അവിടെ എത്തി പഠിക്കുന്നതിന് ക്രമീകരണം ചെയ്യുകയാണ്. ക്ലാസ്സുകൾ കഴിഞ്ഞു വരുന്ന കുട്ടികൾക്ക് ഭക്ഷണവും 6 അദ്ധ്യാപകർക്ക് വേതനമിനത്തിലും ശരാശരി പ്രതിമാസം 50000 രൂപായോളം വേണ്ടി വരും. ഇക്കാര്യത്തിൽ താത്പര്യമുള്ളവർക്ക് പങ്കാളികളാകാം. വയോജന മന്ദിരത്തിൽ പാർക്കുന്നവർക്ക് ഒരു നേരത്തെ ഭക്ഷണം എങ്കിലും സ്പോൺസർ ചെയ്യുന്നതിനും സാധിക്കുമെങ്കിൽ നിങ്ങളുടെ വിശേഷ ദിവസങ്ങൾ അവിടുത്തെ വയോജനങ്ങളുമായി ആഘോഷിക്കുന്നതും എത്രയോ അനുഗ്രഹപ്രദമാണെന്ന് ചിന്തിക്കുക!

സമർപ്പിതരായ സ്കൂൾ വിദ്യാർത്ഥികളെ അവരുടെ പഠന കാര്യങ്ങളിൽ ദർശനത്തോടെ പരിപാലിക്കുന്നതിനാണല്ലോ ഗുരുകുലം നടത്തിവരുന്നത്. സമർപ്പിതരെ ഭാവിയിൽ സഭാപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയും വിധത്തിലാണ് ഗുരുകുലം പ്രവർത്തിക്കുന്നത്. നമ്മുടെ സ്പിരിച്ചാലിററി സെന്ററിൽ നടക്കുന്ന വിവിധങ്ങളായ പരിപാടികളിൽ ഏവരുടെയും സജീവ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. Pre-marital Counselling ക്രമികൃതമായി നടത്തിവരുന്നു. റവ. പി. എൻ. അലക്സാണ്ടർ അച്ചന്റെ നേതൃത്വത്തിൽ ഒരു സംഘം പരിശീലനം സിദ്ധിച്ചിട്ടുള്ളവർ ആത്മാർത്ഥമായി സഹായിക്കുന്നു. ഈ അവസരം വിനിയോഗിക്കുന്നതിന് വിവാഹിതരാകാൻ ഒരുങ്ങുന്നവർ ശ്രദ്ധിക്കുമല്ലോ. നമ്മുടെ ഭദ്രാസനത്തിൽ വിവാഹിതരാകുന്നവർക്കു കൗൺസിലിങ്ങ് നിർബന്ധമായും ലഭിച്ചിരിക്കണം എന്ന കാര്യത്തിൽ വികാരി അച്ചന്മാർ താൽപര്യപ്പെടണം.

മാസത്തിലൊരിക്കൽ ഭദ്രാസനത്തിലെ അച്ചന്മാർ എല്ലാവരും ഒന്നിച്ചു കൂടി 'Evangelion' കൂട്ടായ്മയിലൂടെ വേദപുസ്തകം പഠിക്കുകയും പ്രസംഗകുറിപ്പുകൾ തയ്യാറാക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്യുന്നത് ഏറെ ശ്രദ്ധേയമാണ്. സാധാരണയായി മാസത്തിന്റെ 2-ാം ചൊവ്വാഴ്ച രാവിലെ 8 മണിക്ക് യൂത്ത് സെന്റർ ചാപ്പലിലാണ് കൂടിവരിക.

നമ്മുടെ സുവിശേഷകർ മാസത്തിന്റെ ആദ്യ ബുധനാഴ്ച്ച സ്പിരിച്ചാലിററി സെന്ററിൽ പ്രാർത്ഥനയ്ക്കും തിരുവചന പഠനത്തിനുമായി കൂടിവരുന്നു. ഓരോ മാസത്തെയും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ഈ കൂടിവരവ് സഹായകരമാണ്.

എത്രയും വേഗം ഇടവകകൾ സന്ദർശിച്ച് എല്ലാവരെയും കാണണം എന്ന് ആഗ്രഹിക്കുന്നു. നമ്മുടെ ഏവരുടെയും ഒന്നിച്ചുള്ള ശുശ്രൂഷകൾ ഈ ഭദ്രാസനത്തിന് പുത്തൻ ഉണർവ്വും ഉന്മേഷവും പകരുന്നതിനായി ത്രിത്വ ദൈവത്തോട് അപേക്ഷിക്കാം.

കർത്താവിന്റെ കൃപ നിങ്ങളിൽ വർദ്ധിച്ചു വരുമാറാകട്ടെ.

Marpaulos+

ഹെർമ്മോൻ അരമന
മെയ് 1, 2016

**മാർ പൗലൊസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ

## അറിയിപ്പുകൾ......



2016 ഏപ്രിൽ മാസം മുതൽ റൈറ്റ്.റവ.ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനി മാർത്തോമ്മാ സഭ അടൂർ ഭദ്രാസനത്തിന്റെ പുതിയ അദ്ധ്യക്ഷനായി ചുമതലയിൽ പ്രവേശിച്ചു. ഏപ്രിൽ മാസം 3-ാം തീയതി ഞായറാഴ്ച അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ അഭിവന്ദ്യ തിരുമേനി വിശുദ്ധ കുർബ്ബാന ശുശ്രൂഷ അനുഷ്ഠിച്ചു. അന്നുതന്നെ വൈകിട്ട് 4 മണിക്ക് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സ്വീകരണ സമ്മേളനം അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് നടത്തി. അഭിവന്ദ്യ തിരുമേനിയെ ഭദ്രാസനത്തിലേക്ക് സ്വാഗതം ചെയ്തു. അടൂർ എം.എൽ.എ. ആദരണീയനായ ചിറ്റയം ഗോപകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. വന്ദ്യ ദിവ്യശ്രീ. ഡോ.പി.പി. ഏബ്രഹാം കശ്ശീശാ അനുഗ്രഹപ്രഭാഷണം നടത്തി. സഭയുടെയും ഭദ്രാസനത്തിന്റെയും പ്രതിനിധികൾ ആശംസകൾ അർപ്പിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനിയെ ഭക്തിയാദരവുകളോടുകൂടി അടൂർ ഭദ്രാസനത്തിലേക്ക് സ്വാഗതം ചെയ്തു. അഭിവന്ദ്യ തിരുമേനിക്ക് ഹെർമ്മോൻ ദൂതന്റെ മംഗളാശംസകൾ നേരുന്നു.

ഭദ്രാസന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ മാസം 28-ാം തയതി വ്യാഴാഴ്ച 3.30 പി.എം.ന് സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ആദ്യ കൗൺസിൽ യോഗമായിരുന്നു. ഭദ്രാസനത്തിന്റെ വാർഷിക റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ചു. പുതിയ വർഷത്തേക്കുള്ള ഇയർപ്ലാൻ തയ്യാറാക്കി. ഭദ്രാസന അസംബ്ലി ആഗസ്റ്റ് 6-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് നടത്തുവാൻ തീരുമാനിച്ചു. മെയ്മാസത്തിനുള്ളിൽതന്നെ എല്ലാ ഇടവകകളും വാർഷിക ഇടവകസംഘം കൂടി വാർഷിക റിപ്പോർട്ടും, കണക്കും, ബഡ്ജറ്റും പാസ്സാക്കി മിനിട്ട്സ് തിരുമേനിയുടെ അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്. ഭദ്രാസനത്തിലെ ഇടവകചുമതലക്കാരുടെ ഒരു മീറ്റിംഗ് സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് ജൂൺ മാസം 4-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. ബ. വികാരി അച്ചന്മാർ, ഇടവക വൈസ് പ്രസിഡന്റുമാർ, ട്രസ്റ്റിമാർ, സെക്രട്ടറിമാർ, ആത്മായശുശ്രൂഷകർ മുതലായ ചുമതലക്കാർ ഈ മീറ്റിംഗിൽ സംബന്ധിക്കുന്നതിന് പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

അടൂർ ഭദ്രാസനത്തിലെ ശ്രേഷ്ഠമായ ശുശ്രൂഷകൾക്കുശേഷം സഭയുടെ വിവിധ ഭദ്രാസനങ്ങളിലേക്ക് ട്രാൻസ്ഫർ ആയിപ്പോകുന്ന ബഹുമാനപ്പെട്ട അച്ചന്മാരുടെ സ്തുത്യർഹമായ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. ബിഷപ്പ്സ് സെക്രട്ടറിയായി അനുഗ്രഹീതശുശ്രൂഷകൾ നിർവഹിച്ച റവ.സിജു സി. ഫിലിപ്പ് അച്ചനോടുള്ള കടപ്പാടുകളും അറിയിക്കുന്നു. ബ. അച്ചന്മാരുടെ പുതിയ പ്രവർത്തനമേഖലകളിൽ ദൈവാനുഗ്രഹങ്ങൾ കൂടുതലായി ചൊരിയപ്പെടട്ടെ എന്ന് ആശംസിക്കുന്നു. അടൂർ ഭദ്രാസന പ്രവർത്തനങ്ങളിലേക്ക് പുതിയതായി നിയമിതരായിരിക്കുന്ന എല്ലാ ബ. വൈദീകരേയും ബിഷപ്പ്സ് സെക്രട്ടറി ബ. റവ.ഷിബു മാത്യു അച്ചനേയും ആദരപൂർവ്വം ഭദ്രാസനത്തിലേക്ക് സ്വാഗതം ചെയ്യുന്നു. നമ്മുടെ ഒരുമിച്ചുള്ള ശുശ്രൂഷകൾ അനുഗ്രഹകരമായിത്തീരുന്നതിനു വേണ്ടി പ്രാർത്ഥിക്കാം.

**വെരി. റവ. സ്കറിയാ ഏബ്രഹാം**
**(ഭദ്രാസന സെക്രട്ടറി)**

# നിയോഗവഴിയിൽ പൂമരങ്ങളായ്....

EDITORIAL



**ജീ**വിതം ഒരു വിളിയും നിയോഗവുമാണ്. ജീവിതത്തിന്റെ പൊരുളും പൊലിമയും പൂവണിയുന്നത് നിയോഗവഴിത്താരയിൽ പൂമരങ്ങളായ് പുഷ്പിക്കുമ്പോഴാണ്.

ജീവന്റെ സ്പന്ദനങ്ങളായും പ്രതീക്ഷയുടെ രജതരേഖകളായി തീരുവാനും ദൈവം നമ്മെ വിളിച്ച് നിയോഗിച്ചിരിക്കുന്നു. നിയോഗിതപാതയിൽ പാരമ്പര്യത്തിന്റെ പെരുമയും പൗരോഹിത്യത്തിന്റെ പരിശുദ്ധിയും പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള കരുതലും പരിസ്ഥിതിയുടെ പരിപാലനവും നാം കാത്തുസൂക്ഷിക്കേണ്ടിയിരിക്കുന്നു.

പുതിയ ഒരു അദ്ധ്യായനവർഷം കൂടി ആരംഭിക്കുന്നു. വിദ്യാഭ്യാസം തകർക്കുവാൻ പറ്റാത്ത ഒരു ജീവിതനിർമ്മിതിയാണ്. നവമാധ്യമങ്ങളുടം അതിപ്രസരണവും വാണിജ്യവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസമേഖലയും കാലത്തിന്റെ വെല്ലുവിളിയായ് നിലകൊള്ളുന്നു. ഇവിടെ മൂല്യബോധമുള്ളൊരു നവസമൂഹത്തെ രൂപപ്പെടുത്തുവാൻ വിദ്യാഭ്യാസത്തിലൂടെ സാധ്യമായിത്തീരണം.

പ്രകൃതിയും പ്രകൃതിവിഭവങ്ങളും സർവ്വേശ്വരന്റെ വരദാനമാണ്. മനുഷ്യന്റെ അത്യാർത്തിയും അധിനിവേശവും ആഡംബരഭ്രമവും അംബരചുംബികളായ ബാബേൽഗോപുരങ്ങൾ പണിതുയർത്തുവാനുള്ള ആകാംക്ഷയും പരിസ്ഥിതി നേരിടുന്ന വെല്ലുവിളിയായിരിക്കുന്നു. സുന്ദരമായി സൃഷ്ടിച്ച ലോകം ഇന്ന് പ്രതീക്ഷകൾക്കു വിരാമമിടുന്ന ശവപ്പറമ്പുകളായി മാറുന്നു. ഇവിടെയാണ് ദൈവസൃഷ്ടിയുടെ കാവൽഭടന്മാരായി നിലകൊള്ളുവാനുള്ള വിളിയും നിയോഗവും ഉടലെടുക്കുന്നത്. പൗലൊസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്; "ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ." (1 കൊരി. 4:1)

We are called to be a servant of Christ - നമ്മെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരായി വിളിച്ചിരിക്കുന്നു.

We are commissioned to be a steward of the Gospel- നമ്മെ സുവിശേഷത്തിന്റെ കാര്യവിചാരകരായി നിയോഗിച്ചിരിക്കുന്നു.

We are consecreated to be a saint of the world- നമ്മെ ലോകത്തിൽ വിശുദ്ധരായി വേർതിരിച്ചിരിക്കുന്നു

അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

**റവ.പി.ജെ. തോമസ്**
**ചീഫ് എഡിറ്റർ**



ധ്യാനം

# തെരുവിലെ ഉണർത്തുപാട്ട് ഒരു അന്ധന്റെ കഥ



മഞ്ഞുപോലെ വെളുത്ത കടലാസ് പറഞ്ഞു: നിർമ്മലയാണ് ഞാൻ. എന്നെ സൃഷ്ടിച്ചതെങ്ങനെയാണ്. എന്നും ഞാൻ നിർമ്മല ആയിരിക്കുകയും ചെയ്യും. എന്നെ അന്ധകാരം സ്പർശിക്കുന്നതിനേക്കാൾ തീയിൽ ദഹിച്ച് വെളുത്ത ഭസ്മമായിത്തീരാൻ ഞാനാഗ്രഹിക്കുന്നു. കടലാസ് പറയുന്നത് മഷിക്കുപ്പി കേട്ടു. തന്റെ കറുത്ത ഹൃദയത്തിൽ ചിരിച്ചു. ഒരിക്കലും കടലാസിനെ സമീപിക്കാൻ മഷിക്ക് ധൈര്യമുണ്ടായില്ല. ബഹുവർണ്ണ പെൻസിലുകളും കടലാസ് പറയുന്നത് കേൾക്കുന്നുണ്ടായിരുന്നു. ആരും കടലാസിനെ സമീപിക്കാൻ ധൈര്യപ്പെട്ടില്ല. മഞ്ഞുപോലെ വെളുത്ത കടലാസ് നിത്യകാലം നിർമ്മലയായി നിലകൊണ്ടു. വിശുദ്ധവും കളങ്കരഹിതവുമായി... അതേസമയം ശൂന്യമായും (ജിബ്രാൻ).

യെരിഹോവിന്റെ പാതവക്കിൽ കരിപുരണ്ട ജീവിതവുമായി അന്ധതയുടെ ആഴങ്ങളിൽ ദൈന്യതയുടെ പുതപ്പും ചൂടി തപ്പിതടഞ്ഞ ബർത്തിമായി എന്ന കാഴ്ചവൈകല്യമുള്ള ഭിക്ഷക്കാരന് ഉൾക്കാഴ്ചയുടെ പുതിയയിടങ്ങൾ യേശു നൽകുന്നതാണ് ലൂക്കോ. 18:35–43, മത്തായി 20:29–35, മർക്കോസ് 10:46–52 എന്നീ വേദഭാഗങ്ങളിൽ വിവരിച്ചിരിക്കുന്നത്. നിത്യജീവനാഗ്രഹിച്ച് എത്തുന്ന മതഭക്തനും ധനികനുമായ ചെറുപ്പക്കാരനും (മർക്കോസ് 10:17–) ഗുരുഭക്തിയുടെ വലയത്തിൽ യേശുവിനോടൊപ്പം സ്വർഗ്ഗരാജ്യത്തിൽ ഇടത്തും വലത്തും ഇരിപ്പിടം ആഗ്രഹിക്കുന്ന ശിഷ്യന്മാരും (മർക്കോസ് 10:35–) അന്ധതയുടെ പര്യായങ്ങളായി മാറുമ്പോൾ ഉൾക്കാഴ്ച ബദൽ മാതൃകയായി അന്ധനായ ബർത്തിമായി നമുക്ക് മുൻപിൽ ശോഭിക്കുന്നു. യെരിഹോ, പെസഹാ, ഉൾക്കാഴ്ച എന്നിവയുടെ പുനർവായനകൾ വിശ്വാസസമൂഹം എന്ന നിലയിൽ രൂപാന്തരത്തിന് നിദാനമാകുന്നതാണ്.



റവ. എ.റ്റി. തോമസ്

## I. Re-articulation of space and constructive reading of passover - ഇടത്തിന്റെ പുനരാവിഷ്കാരവും പെസഹായുടെ പുനർവായനയും

ഈ ഭാഗത്ത് ഇടത്തെപ്പറ്റിയുള്ള പഠനത്തിന് സാദ്ധ്യതയുണ്ട്. യെരിഹോ, കള്ളന്മാരുടെയും കൊള്ളക്കാരുടെയും താവളവും, യാചകരും അന്ധരും തുടങ്ങിയ തള്ളപ്പെട്ടവർ നിത്യവൃത്തി കണ്ടെത്തുന്ന സ്ഥലവുമായി സുവിശേഷഭാഗങ്ങളിൽ ചിത്രീകരിക്കപ്പെടുന്നു. യെരിഹോ

മുതൽ യെരുശലേം വരെയുള്ള (15 മൈൽ) സ്ഥലത്തെ പ്രമേയമാക്കി യേശു നല്ല ശമര്യാക്കാരന്റെ കഥയും മെനഞ്ഞിട്ടുണ്ട്. ദാവീദിന്റെ ഭരണസിരാകേന്ദ്രത്തിൽപ്പെട്ട സ്ഥലമായിരുന്നു യെരിഹോ. അതേസമയം തന്നെ സന്നിദ്രി സംഘത്തിനും വളരെ പ്രാധാന്യമുള്ള ഇടവുമായിരുന്നു. ഇവിടെനിന്നു ദാവീദുപുത്രാ, യേശുവേ എന്ന് ബർത്തിമായി കൊണ്ട് മർക്കോസ് യേശുവിനെ അഭിസംബോധന ചെയ്യിക്കുമ്പോൾ യേശുവിൽ വിജാതീയർ കണ്ടെത്തുന്ന പുതിയ മിശിഹാദർശനത്തെയാണ് സൂചിപ്പിക്കുന്നത്. യഹൂദന്മാരായ ശിഷ്യന്മാരും ധനവാനായ ചെറുപ്പക്കാരനും കണ്ടെത്താത്ത മിശിഹായെ യെരിഹോവിലെ തെരുവീഥിയിൽ അന്ധനായ ബർത്തിമായി കണ്ടെത്തുന്നു. ബർത്തിമായുടെ സൗഖ്യവിവരണത്തിലൂടെ യെരിഹോ എന്ന ഇടത്തിന്റെ tag തന്നെ മാറ്റപ്പെടുന്നു. യെരുശലേം ദേവാലയത്തിലെ പെരുന്നാളുകൾ യെരിഹോവിനെ യാചകരുടെ കേന്ദ്രമാക്കി മാറ്റുന്നുണ്ട്. മനുഷ്യരുടെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും വിപണന മൂല്യമുള്ള വസ്തുക്കളായി രൂപപ്പെടുത്തുന്നതിൽ ഇന്നത്തെ യെരുശലേമുകൾക്ക് പങ്കില്ലേ? ഇരകളുടെ സ്ഥാനമായി മാറ്റപ്പെടുന്ന യെരിഹോവുകളിലല്ല യെരുശലേം ദേവാലയത്തിലാണ് കള്ളന്മാരുടെയും കൊള്ളക്കാരുടെയും ഗുഹ സ്ഥിതിചെയ്യുന്നതെന്ന് യേശു പറയുന്നു. അതിനാൽ യെരുശലേമിൽ കാലാകാലങ്ങളായി അനുഷ്ഠിക്കപ്പെടുന്ന പെസഹാപെരുന്നാളിനെ പുനർവ്യാഖ്യാനിക്കുന്ന ജാഥകൾക്ക് (ഹോശന്ന) കരുത്തുപകരുന്നത് യെരിഹോവിന്റെ തെരുവീഥികളിൽ വലിച്ചെറിയപ്പെട്ട അന്ധരായ ജീവിതങ്ങളാണ്. അവരെ ശ്രദ്ധിക്കുന്ന, അവരാൽ പ്രഖ്യാപിക്കപ്പെടുന്ന, അവർക്ക് ദിശാബോധം നൽകുന്ന, മിശിഹായെ ആണ് മർക്കോസ് 10:46–52 വരെ കൃത്യമായി അവതരിപ്പിക്കുന്നത്. ഖലിൽ ജിബ്രാൽ പറയുന്നു: "എന്നെയും മാലാഖമാരും പിശാചുക്കളും സന്ദർശിക്കാറുണ്ട്. ഞാൻ രണ്ട് കൂട്ടരിൽ നിന്നും അകന്നുമാറുന്നു. മാലാഖയെത്തുമ്പോൾ ഞാനൊരു പഴയ പ്രാർത്ഥന ചൊല്ലും; അത് അതിന് ഇഷ്ടമാകുന്നില്ല. പിശാചാണു വരുന്നതെങ്കിൽ ഞാനൊരു പഴയപാപം ചെയ്യുന്നു. അത് ഉടനെ ഓടി അകന്നു പോകുന്നു.

ഇന്നും സഭയെ വിളിക്കുന്നത് അനുഷ്ഠാനങ്ങളുടെ ആവർത്തനത്തിനല്ല തഴയപ്പെട്ടവർക്ക് പർച്ചേസിംഗ് വാല്യു നൽകുന്ന പുതിയ സമൂഹക്രമത്തിന്റെ നിർമ്മിതിക്കാണ്.

## II. Insight-A collective effort for a new constructive community - ഉൾക്കാഴ്ച – പുതിയ സമൂഹനിർമ്മിതിക്കായുള്ള കൂട്ടായ പരിശ്രമം

ഒരു പുതിയ സമൂഹസൃഷ്ടിക്കുള്ള സംഘടിത ശ്രമമാണ് ശിഷ്യത്വം എന്ന് മർക്കോസ് 10:46–52 ഭാഗങ്ങൾ വെളിപ്പെടുത്തുന്നു. യെരിഹോവിലെ കുരുടന്റെ നിലവിളി ഒരു ഒറ്റപ്പെട്ട നിലവിളിയല്ല. ഒരു നവസമൂഹക്രമത്തിനായുള്ള തഴയപ്പെട്ടവന്റെ പ്രതിഷേധമാണ്. ഇത്തരം പ്രതിഷേധങ്ങൾക്കു കരുത്തുപകരുന്ന സംഘശക്തിയാണ് നീതിയുക്തമായ പുതിയ സമൂഹക്രമത്തിന്റെ ഉയിർപ്പിനു നിദാനമാകുന്നത്. മർക്കോസ് 10–ൽ തന്റെ പരിമിതമായ ജീവന ചുറ്റുപാടുകളെ ഉപേക്ഷിക്കുന്നതിലൂടെ (പുതപ്പ്: വരുമാനം, സംരക്ഷണം). തനിക്കും പ്രാതിനിധ്യം ഉള്ള ക്രമത്തിലേക്ക് യേശുവിനോടൊപ്പം ചേരാൻ ബർത്തിമായി താല്പര്യപ്പെടുന്നു. യേശു അവന് നൽകിയ കാഴ്ച പുതിയ സമൂഹത്തെക്കുറിച്ചുള്ള കാഴ്ചയാണ്. ഈ കാഴ്ച ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ ഒറ്റപ്പെട്ടപോയ ബർത്തിമായിക്ക് നൽകുന്നത് തന്നിൽ ഒളിഞ്ഞുകിടക്കുന്ന സാധ്യതകളുടെ ഉൾക്കാഴ്ചയുമാണ്. ഇത് വ്യക്തിപരമായ സൗഖ്യത്തിനപ്പുറം സമൂഹശരീരത്തിന്റെ (സോഷ്യൽ ബോഡി) സൗഖ്യത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയാണ് പ്രധാനം ചെയ്തത്. യേശുവിനോടൊപ്പം അവൻ യാത്ര ചെയ്യുന്നത് പെസഹാപെരുന്നാളിന്റെ ഇടത്തെ (സ്പേസ്) തങ്ങളുടെ അവകാശങ്ങൾക്കുള്ള പോരാട്ടങ്ങളുടെ ഭൂമികയായി രൂപപ്പെടുത്താനാണ്. യഥാർത്ഥത്തിൽ യേശുവിന്റെ യെരുശലേം ദേവാലയത്തിലേക്കുള്ള പ്രവേശനം പെസഹാപെരുന്നാളിന്റെ യഥാർത്ഥ അർത്ഥത്തിലേക്കുള്ള തിരിച്ചുപോക്കാണ്. (Deliverence from the bondages).

ഇന്നും സഭയെ വിളിക്കുന്നത് അനുഷ്ഠാനങ്ങളുടെ ആവർത്തനത്തിനല്ല തഴയപ്പെട്ടവർക്ക് പർച്ചേസിംഗ് വാല്യു നൽകുന്ന പുതിയ സമൂഹക്രമത്തിന്റെ നിർമ്മിതിക്കാണ്. ഇന്ന് യേശുക്രിസ്തുവിന്റെ മരണത്തിൽ ഊറ്റംകൊണ്ട് അതിനെ വിഗ്രഹവത്കരിക്കുന്നവരാണോ നമ്മൾ? യേശു നമ്മോട് ആവശ്യപ്പെടുന്നത് പെസഹാപെരുന്നാളുകളുടെ ഇടങ്ങളെ ഹോശാന്നായുടെ ബദൽശബ്ദം രൂപപ്പെടുത്തുന്ന ജീവന ഇടങ്ങളാക്കി രൂപപ്പെടുത്താനാണ്. അവിടെ യെരിഹോമുകളിൽ ബർത്തിമായുടെ നിലവിളി ഉയരുകയില്ല.

# വിളിയും നിയോഗവും

വിശുദ്ധ വേദപുസ്തകത്തിൽ ആദിയോടന്തം കാണുന്ന ഒരു പ്രധാന പ്രമേയമത്രേ 'വിളിയും നിയോഗവും'. ദൈവം തന്റെ ഉദ്ദേശനിവൃത്തിക്കായി തനിക്ക് ബോധിച്ചവരെ, കാലാകാലങ്ങളിൽ വിളിക്കുകയും നിയോഗിക്കുകയും ചെയ്യുന്നു. അബ്രഹാം, യിസഹാക്ക്, യാക്കോബ് മുതലായ പൂർവ്വപിതാക്കന്മാർ, പ്രവാചകന്മാർ, ന്യായാധിപന്മാർ, രാജാക്കന്മാർ മുതലായി അനേകർ ഈ ഗണത്തിൽ ഉൾപ്പെടുന്നു. തന്റെ ഹൃദയാഭിലാഷങ്ങൾ പങ്കിടുന്നതിനും, അവ സാക്ഷാത്കരിക്കപ്പെടുന്നതിനും തന്റെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്ന മനുഷ്യരുടെ സാമീപ്യവും കൂട്ടായ്മയും സേവനവും ദൈവം ഇഷ്ടപ്പെടുന്നു. അതിനാൽ സ്നേഹവാനായ ദൈവത്തിന്റെ രക്ഷണ്യപദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് 'വിളിയും നിയോഗവും'.

പഴയനിയമത്തിൽ ആരംഭിച്ച ദൈവവിളിയും നിയോഗവും പുതിയനിയമത്തിലും തുടരുന്നു. മനുഷ്യരാശിയുടെ പാപമോചനത്തിനും രക്ഷയ്ക്കുമായി ഭൂമിയിൽ ജഡം ധരിച്ച യേശുകർത്താവ് തന്നോടൊപ്പം ഇരിക്കുന്നതിനും അയയ്ക്കപ്പെടുന്നതിനുമായി പന്ത്രണ്ട് ശിഷ്യന്മാരെ വിളിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തു. അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും അധികാരം കൊടുത്ത് നിയോഗിച്ചയച്ചു. കാണാതെപോയതിനെ കണ്ടെത്തുവാനുള്ള യേശുവിന്റെ രക്ഷാകര ദൗത്യത്തിൽ അപ്പോസ്തലന്മാർക്കും അവർക്കുശേഷം നിയമിക്കപ്പെട്ട മറ്റ് ഉപദേഷ്ടാക്കന്മാർക്കും ലഭിച്ച വിളിയും നിയോഗവും ഇന്നും സഭയിലൂടെ തുടരുന്നു. അതിനാൽ ഇന്നു സഭയുടെ ശുശ്രൂഷാസ്ഥാനങ്ങളിൽ പ്രവേശിച്ചവരും സഭാംഗങ്ങളായിരിക്കുന്നവരും കർത്താവിന്റെ വിളി കേൾക്കുകയും നിയോഗം അനുസരിക്കുകയും ചെയ്യണം.



ദൈവവിളിയും നിയോഗവും രണ്ട് വിധത്തിൽ നമുക്കു മനസ്സിലാക്കാം. പുറമേയുള്ള വിളിയും (ബാഹ്യമായ ക്ഷണം) അകമേയുള്ള വിളിയും (ആന്തരികമായ ക്ഷണം). പുറമേയുള്ള വിളി എന്നു പറയുന്നത്, പരിശുദ്ധാത്മപ്രേരണയാൽ ഉപദേഷ്ടാക്കന്മാർ മൂലം ലഭിക്കുന്ന ക്ഷണമാണ്. നാം ആരാധനയിൽ സംബന്ധിക്കുന്നിലൂടെയും ദൈവവചനം ശ്രവിക്കുന്നതിലൂടെയുമെല്ലാം ഇതിന് അവസരം ലഭിക്കുന്നു. എന്നാൽ ആന്തരികമായ ദൈവവിളി, സ്വകീയമായിട്ട് ഒരുവനിൽ സംഭവിക്കുന്ന വസ്തുതയാകുന്നു. പിതാവായ ദൈവം പാപികളെ ആകർഷിക്കുന്നതിനാൽ, ഒരുവന്റെ ഹൃദയം പരിശുദ്ധാത്മാവിനാൽ രൂപാന്തരത്തിലേക്കു നയിക്കപ്പെടുന്നു. വിശുദ്ധ പൗലൊസ് ഉത്ബോധിപ്പിക്കുന്നത് "നിങ്ങളോ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രേ' (റോമർ 8:9).

ദൈവവിളിയേയും നിയോഗത്തേയും ശ്രദ്ധിക്കാതെ ക്രിസ്തുവിന്റെ രക്ഷയെ ഉപേക്ഷിക്കുന്നവർ ഇന്ന് ധാരാളം പേർ ഉണ്ട്. വിതയ്ക്കുന്നവന്റെ ഉപമയിലൂടെ ഇത്തരക്കാരെ യേശു വരച്ചുകാട്ടുന്നു. വഴിയരികെയും, പാറസ്ഥലത്തും, മുള്ളിന്നിടയിലും വീണ വിത്ത് ഫലം തരുന്നില്ല. യേശു പറയുന്നു: 'ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെയ്ക്കപ്പെട്ടത് എടുത്തുകളയുന്നു' (മത്തായി 13:19). ഈ കാലഘട്ടത്തിലും ഇത് യാഥാർത്ഥ്യമായിരിക്കുന്നതിനാൽ ദൈവത്തിന്റെ രക്ഷാകരദൗത്യത്തിൽ പങ്കുചേർന്നുകൊണ്ട് നമുക്കും ദൈവവിളി ശ്രവിക്കാം. ദൈവനിയോഗം അനുസരിക്കുന്നതിന് നമ്മെ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യാം.

**വെരി. റവ. സ്കറിയാ എബ്രഹാം**

ഹെർമ്മോൻ ദൂതൻ



# ദൈവവിളിയുടെ നിയോഗവഴികൾ

ലൂക്കോസ് 10:1–2

**ദൈ**വത്തിന്റെ മനുഷ്യനാകൽ പ്രക്രിയയിൽ സംഭവിച്ച നിയോഗവഴികൾ മനുഷ്യസമൂഹത്തെ സംബന്ധിച്ചിടത്തോളം വീണ്ടെടുപ്പിന്റെയും രക്ഷയുടെയും കൃപയുടെയും സ്വർഗ്ഗീയ ചൈതന്യത്തിന്റെയും നാൾവഴികളായി ലോകത്തിന്റെ രൂപാന്തരവും മനുഷ്യവീണ്ടെടുപ്പും സാദ്ധ്യമാക്കിയ നിയോഗവഴികളിലാണ് ക്രിസ്തു എപ്പോഴും യാത്ര ചെയ്തത്. മനുഷ്യനാകൽ പ്രക്രിയയുടെ അഥവാ ദിവ്യജനനത്തിന്റെ മർമ്മവും, രഹസ്യവും എന്നത് ഒരുവേള ചരിത്രത്തിൽ സംഭവിച്ച രക്ഷണ്യസംഭവത്തിന്റെ പശ്ചാത്തലത്തിൽ തിരിച്ചറിയുവാൻ കഴിയുന്നതാണ്. ദൈവം ഏറ്റെടുത്ത നിയോഗത്തിന്റെ പൂർത്തീകരണമാണ് ക്രിസ്തുവിലൂടെ വെളിപ്പെട്ടത്. തീർത്ഥാടകനായ ദൈവം, അയയ്ക്കുന്ന ദൈവം, ദൈവത്തിന്റെ സാധാരണമായ സഞ്ചാരം എന്നിങ്ങനെയുള്ള ദൈവശാസ്ത്രപ്രയോഗങ്ങളഅം ഒരുപക്ഷേ വ്യക്തമാക്കുന്നത് ദൈവം ഏറ്റെടുത്ത നിയോഗവഴികളുടെ ചരിത്രത്തെയാണ്. യോഹന്നാൻ 3:16–ൽ പറയുന്നതുപോലെ "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. "ദൈവത്തിന്റെ അപാരമായ സ്നേഹത്തിന്റെയും, കരുതലിന്റെയും, കരുണയുടെയും നിറസാന്നിദ്ധ്യമായിട്ടാണ് ക്രിസ്തു ആയിത്തീർന്നത്. ലോകത്തിലേക്കും, ചരിത്രത്തിന്റെ ഇടങ്ങളിലേക്കും സർവ്വശക്തനായ ദൈവം ചുരുങ്ങി മനുഷ്യനായി എന്നത് അത്ര എളുപ്പമായ പ്രക്രിയ ആയിരുന്നില്ല. എന്നാൽ ലോകത്തിന്റെ വീണ്ടെടുപ്പിനായും രക്ഷയുടെ സൗജന്യമായ അനുഭവങ്ങൾക്കു വേണ്ടിയും ദൈവപുത്രൻ ലോകത്തിലേക്ക് ഇറങ്ങിവന്നു എന്നതാണ് പ്രബലമായ സുവിശേഷ സത്യം.



**റവ. മോൻസി വർഗ്ഗീസ്**
**മാർത്തോമ്മാ സെമിനാരി, കോട്ടയം**

പഴയനിയമ പാരമ്പര്യങ്ങൾ ശക്തമായി പങ്കുവയ്ക്കുന്ന മറ്റ് പ്രധാനപ്പെട്ട ആശയങ്ങളിൽ ഒന്നാണ് വിളിയുടെയും നിയോഗത്തിന്റെയും ചരിത്രങ്ങൾ. ഏദെൻതോട്ടത്തിൽ മനുഷ്യരെ സൃഷ്ടിച്ചാക്കിയപ്പോൾ മുതൽ ആരംഭിക്കുന്ന വിളിയുടെയും നിയോഗത്തിന്റെയും ചരിത്രപാഠങ്ങൾ പഴ

യനിയമപുസ്തകങ്ങളിൽ ശക്തമാണ്. ദൈവജനത്തിന്റെ കരച്ചിലും, കണ്ണീരും, പ്രാർത്ഥനകളും കേട്ട് വേദനിക്കുന്ന ദൈവം വ്യത്യസ്തരായ നേതാക്കളെയും രാജാക്കന്മാരെയും പ്രവാചകരെയും ന്യായാധിപന്മാരെയും ഒക്കെത്തന്നെ വിളിച്ച് ഗൗരവമായ ചുമതലകൾക്കുവേണ്ടി നിയോഗിക്കുന്ന ചരിത്രം പഴയനിയമപാഠങ്ങളിൽ കാണുവാൻ കഴിയും. ഏറ്റം ഒടുവിലായി ദൈവം മനുഷ്യനായി വലിയ നിയോഗവഴികളിലേക്ക് പ്രവേശിക്കുകയും, അനേകം ആളുകളെ വിളിക്കുകയും നിയോഗിക്കുകയും ചെയ്തുകൊണ്ട് ദൈവരാജ്യശുശ്രൂഷ നിർവ്വഹിച്ചു എന്നതാണ് പുതിയ നിയമപാഠങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. കൂടെയുള്ള പന്ത്രണ്ട് ശിഷ്യസമൂഹത്തോടൊപ്പം വിപുലമാക്കപ്പെട്ട ശിഷ്യസമൂഹം (Extended discipleship) ക്രിസ്തുവിനോടൊപ്പം സഞ്ചാരവഴികളിൽ ഉണ്ടായിരുന്നു എന്ന് കരുതുന്നതിൽ തെറ്റില്ല. താൻ ഒരിക്കലും ചെന്നിട്ടില്ലാത്ത സ്ഥലങ്ങളിലേക്കും ഇടങ്ങളിലേക്കും അവരെ നിയോഗിച്ചയയ്ക്കുന്ന വേദഭാഗമാണ് ഇവിടെ പരാമർശിക്കുന്നത്. ഒരുപക്ഷേ ഗൗരവമായതും, പ്രയാസമുള്ളതുമായ ഒരു ശുശ്രൂഷാപരിസരങ്ങളിലേക്കാണ് ശിഷ്യസമൂഹം യാത്ര ചെയ്യുന്നത്. അത് നിയോഗവഴികളിലെ മറ്റൊരു യാഥാർത്ഥ്യം കൂടിയാണ്. ഒരിക്കലും തിരിച്ചറിയാൻ കഴിയാത്ത, അപരിചിതമായ ഇടങ്ങൾ കണ്ടറിയാനും അപരത്വങ്ങളെയും, വ്യത്യസ്തരായവരെയും, അപരിചിതരെയും കണ്ടെത്താനുമുള്ള ഒരു യാത്രയുടെ തുടക്കമാണ്. വലിയ നിയോഗങ്ങൾ ഏറ്റെടുത്ത ക്രിസ്തു പിന്നെയും ശിഷ്യസമൂഹത്തെ വിളിച്ച് നിയോഗിക്കുന്നുണ്ട്. നിയോഗത്തിന്റെ വഴികളിൽ നിൽക്കാൻ ആളുകൾ കുറവാണെന്ന പരമാർത്ഥം ഈ ഭാഗത്തുണ്ട്. എന്നാൽ വളരെ പരിമിതമായ സാഹചര്യങ്ങളിലേക്ക് ഇടപെടുന്ന ദൈവകൃപയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനകളാണ് ക്രിസ്തു അവരെ പഠിപ്പിക്കുന്നത്. "കൊയ്ത്തിന്റെ യജമാനനോട് തന്റെ കൊയ്ത്തിന് വേലക്കാരനെ അയയ്ക്കേണ്ടതിന് അപേക്ഷിപ്പിൻ" എന്നിങ്ങനെയുള്ള പരാമർശങ്ങൾ ഒരുപക്ഷേ, വിളിയുടെയും നിയോഗത്തിന്റെയും ഗൗരവമായ ഉത്തരവാദിത്വങ്ങളിൽ നിൽക്കുന്ന ദൈവസാന്നിദ്ധ്യത്തെ വെളിപ്പെടുത്തുന്നതാണ്. അതുകൊണ്ടാണ് വിളിയും, നിയോഗവും, ദൈവാത്മപ്രേരിതമായി മാറുന്നത്. ദൈവത്തിന്റെ ഇടപെടലും സാന്നിദ്ധ്യവും അനുഭവിക്കാത്ത നിയോഗങ്ങൾ, പലപ്പോഴും കേവലമായ പ്രവർത്തനപരിപാടികൾ മാത്രമായി ചുരുക്കപ്പെടാം. ദൈവവിളിയുടെയും നിയോഗത്തിന്റെയും ചരിത്രമാണ് ചരിത്രപാഠങ്ങളിൽ സവിശേഷമായി നിഴലിക്കുന്നത്. ലോകത്തിന്റെ വീണ്ടെടുപ്പും മനുഷ്യസമൂഹത്തിന്റെ സമഗ്രമായ നിലനിൽപ്പും ലക്ഷ്യമാക്കിയുള്ള ദൈവരാജ്യത്തിന്റെ സുവിശേഷമായിരിക്കണം നിയോഗത്തിന്റെ വഴികളിൽ കേന്ദ്രസ്ഥാനമായി നിലനിൽക്കേണ്ടത്.

**ദൈവരാജ്യത്തിന്റെ ആശയവും ആവിഷ്കാരങ്ങളും സ്വജീവിതങ്ങളിൽ ഏറ്റെടുക്കുകയും വിളിയെയും നിയോഗത്തെയും ദൈവാത്മപ്രേരിതമായി കൈക്കൊള്ളുകയും ചെയ്യുമ്പോഴാണ് പട്ടത്വം എന്ന ശുശ്രൂഷ ശിഷ്യത്വമായി പരിണമിക്കുകയുള്ളു. ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ലോകത്തെ രൂപാന്തരപ്പെടുത്താനുള്ള ശുശ്രൂഷകളിലേക്കാണ് പട്ടത്വത്തിലൂടെ ഓരോ വ്യക്തിയും വിളിക്കപ്പെടുന്നത്.**

ദൈവത്തിന്റെ വിളിയും നിയോഗവും സർവ്വാത്മനാ സ്വീകരിക്കുമ്പോഴാണ് പട്ടത്വം സംഗതമായി മാറുന്നത്. ദൈവരാജ്യത്തിന്റെ ആശയവും ആവിഷ്കാരങ്ങളും സ്വജീവിതങ്ങളിൽ ഏറ്റെടുക്കുകയും വിളിയെയും നിയോഗത്തെയും ദൈവാത്മപ്രേരിതമായി കൈക്കൊള്ളുകയും ചെയ്യുമ്പോഴാണ് പട്ടത്വം എന്ന ശുശ്രൂഷ ശിഷ്യത്വമായി പരിണമിക്കുകയുള്ളൂ. ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ലോകത്തെ രൂപാന്തരപ്പെടുത്താനുള്ള ശുശ്രൂഷകളിലേക്കാണ് പട്ടത്വത്തിലൂടെ ഓരോ വ്യക്തിയും വിളിക്കപ്പെടുന്നത്. സമകാലീനലോകത്തിന്റെ പുത്തൻ ആവിഷ്കാരങ്ങൾ, അതിന്റെ അപായപ്പെടുത്തുന്ന രീതിശാസ്ത്രങ്ങൾ ഒക്കെ ശക്തമായി നിലനിൽക്കുമ്പോഴും ദൈവവിളിയുടെ ശക്തിയെയും കൃപയെയും തിരിച്ചറിഞ്ഞ് നിയോഗങ്ങളിൽ ദൈവത്തോടൊപ്പം നിൽക്കാനും പങ്കാളിത്തം നൽകാനുമാണ് സുവിശേഷം നമ്മോട് ആവശ്യപ്പെടുന്നത്. ക്രിസ്തുവിനോടൊപ്പം നിന്നവർ അഥവാ ശിഷ്യരുടെ സമൂഹം ദൈവത്തിന്റെ മനസ്സറിഞ്ഞ് തങ്ങൾ ഇടപെട്ട സ്ഥലങ്ങളിൽ ജീവിച്ചപ്പോളാണ് സുവിശേഷത്തിന് ശക്തമായ ആവിഷ്കാരങ്ങൾ ഉണ്ടായത്. ഒരുപക്ഷേ ഇന്ന് അതിരുകവിഞ്ഞ മതാത്മകതയും വർഗ്ഗീയതയുമൊക്കെ രൂപപ്പെടുന്ന സവിശേഷസാഹചര്യങ്ങളിൽ പരിചിതരെ കണ്ടെത്താനും അവരോടൊപ്പം നിൽക്കാനും ദൈവരാജ്യത്തിന്റെ ആശയവും ആവിഷ്കാരവും ആകാനും ദൈവാത്മപ്രേരിതമായി നിയോഗങ്ങൾ ഏറ്റെടുക്കാനും നമ്മെ പ്രചോദിപ്പിക്കണം.

# സാമൂഹ്യനീതിയുടെ പ്രവാചകൻ

## ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്ത



വിശുദ്ധമായ ജീവിതശൈലികൊണ്ടും വിശാലമായ സാമൂഹിക പ്രതിബദ്ധതകൊണ്ടും വിശിഷ്ടമായ വിനയഭാവം കൊണ്ടും വിശ്വാസത്തിന്റെ വെളിച്ചം സഭയിലും സമൂഹത്തിലും പകർന്നുതന്ന സഭാപിതാവാണ് യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ.

കാറ്റും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ സഭാനൗകയുടെ അമരത്ത് അജയനായി നിലകൊണ്ട സഭാപിതാവിന്റെ നേതൃത്വകാലഘട്ടം സഭയുടെ ആത്മീകവളർച്ചയിൽ മാത്രമല്ല, മതരാഷ്ട്രീയരംഗങ്ങളിലും വെളിച്ചത്തിന്റെ പ്രഭ വീശി. പ്രകാശനായ പ്രകാശിതഃ (Lighted to Lighten) എന്ന ലക്ഷ്യം സഭയ്ക്കു നൽകുന്നതിൽ എന്നും നിലനിൽക്കുന്ന ഓർമ്മയായി നിലകൊള്ളുന്നു. “The church must be intrested where humanlife is intrested.” മനുഷ്യജീവിതത്തിന്റെ താല്പര്യങ്ങൾ ഉൾക്കൊള്ളുക എന്നത് സഭയുടെ താല്പര്യമായിരിക്കണം എന്നുള്ള തന്റെ താല്പര്യവും മത-രാഷ്ട്രീയ-സഭാതലങ്ങളിൽ തന്നെ വ്യത്യസ്തനാക്കി. ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ അയിരൂർ ചെറുകര മാത്യു മുൻസിഫിന്റെ ദ്വിതീയ പുത്രനായി 1892 ആഗസ്റ്റ് 7-ാം തീയതി ജനിച്ചു. കോട്ടയം അയ്മനത്ത് കൊല്ലങ്കേരിൽ പി. ജോൺ ശിരസ്താരുടെ പുത്രി അന്നമ്മയാണ് മാതാവ്. പിതാവിന്റെ ഔദ്യോഗിക ജീവിതത്തോടു ബന്ധപ്പെട്ടു ബാല്യകാല വിദ്യാഭ്യാസം പല സ്ഥലങ്ങളിലാണ് നിർവ്വഹിച്ചത്. 1906 മുതൽ 1912 വരെ കോട്ടയം എം.റ്റി. സ്കൂൾ വിദ്യാർത്ഥിയായിരുന്നു. തിരുവനന്തപുരം മഹാരാജാസ് കോളേജ്, മദ്രാസ് വെസ്‌ലി കോളജ്, മദ്രാസ് ക്രിസ്ത്യൻ കോളജ് എന്നിവിടങ്ങളിൽ ചേർന്നു പഠിച്ച് ബി.എ. ബിരുദം നേടി. തുടർന്ന് ബാംഗ്ലൂർ യൂണിയൻ തിയോളജിക്കൽ കോളജിൽ ചേർന്നു പഠിച്ചു. 1922-ൽ കോട്ടയം യെരുശലേം പള്ളിയിൽവച്ച് തീത്തൂസ് ദ്വിതീയൻ മെത്രാപ്പോലീത്താ ശെമ്മാശ്പട്ടം നൽകി. ദൈവശാസ്ത്ര സംബന്ധമായ ഉപരിപഠനത്തിനുവേണ്ടി സി.എം. ജോൺ ശെമ്മാശൻ അമേരിക്കയിൽ ന്യൂയോർക്കിലെ യൂണിയൻ സെമിനാരിയിൽ ചേർന്നു എസ്.റ്റി.എം. ഡിഗ്രി നേടി. 1931 മുതൽ 1933 വരെ മാർത്തോമ്മാ വൈദിക സെമിനാരിയിൽ അദ്ധ്യാപകനായി. 1933 -ൽ അയിരൂർ സെഹിയോൻ പള്ളിയിൽ വച്ച് കശ്ശീശാപട്ടം സ്വീകരിക്കുകയും കോട്ടയം മാങ്ങാനം സെന്റ് പീറ്റേഴ്സ് ഇടവക വികാരിയായി നിയമി

ക്കപ്പെടുകയും ചെയ്തു. തുടർന്ന് രണ്ട് വർഷം യെരുശലേം പള്ളി വികാരിയായും സേവനം അനുഷ്ഠിച്ചു. (1934–35). 1937 നവംബർ 15–ാം തീയതി സി.റ്റി. മാത്യു കശ്ശീശായോടൊപ്പം റമ്പാനായും, ഡിസംബർ 30–ാം തീയതി യൂഹാനോൻ മാർ തീമോഥെയോസ് എന്ന നാമത്തിൽ എപ്പിസ്കോപ്പായായും അഭിഷേകം ചെയ്യപ്പെട്ടു.

കാര്യക്ഷമമായ ഭരണസൗകര്യത്തിനു വേണ്ടി സഭയെ മൂന്ന് ഭദ്രാസനങ്ങളായി വിഭജിക്കുകയും കൊല്ലം–കൊട്ടാരക്കര എന്ന തെക്കൻ ഭദ്രാസനത്തിന്റെ ചുമതല യൂഹാനോൻ മാർ തീമൊഥെയോസ് എപ്പിസ്കോപ്പായ്ക്കു നൽകുകയും ചെയ്തു. ഒരു ദശവർഷക്കാലത്തെ, നൂതനമായ അദ്ധ്യാത്മിക വീക്ഷണത്തോടുകൂടിയ അക്ഷീണപരിശ്രമത്തിന്റെ ഫലമായി, തെക്കൻ ഇടകകളിൽ ആത്മീയമായ നവചൈതന്യവും ജനങ്ങൾക്ക് അഭൂതപൂർവ്വമായ സഭാബോധവും ഉണ്ടായി. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ ദിവംഗതനായതിനെ തുടർന്ന് 1947–ൽ കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ചു യൂഹാനോൻ മാർത്തോമ്മാ എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു.

1953–ൽ നടന്ന എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകത്തെ തുടർന്ന് ശ്രീ. കെ.എം. ഡാനിയേൽ മെത്രാപ്പോലീത്തായ്ക്ക് എതിരെ കോട്ടയം ജില്ലാ കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. പത്ഥ്യോപദേശസമിതി രൂപവത്കരിക്കുകയും ഒരു വിഭാഗം സഭയിൽ നിന്ന് വിട്ടുപോകുകയും ചെയ്തു. പ്രതികൂല സാഹചര്യങ്ങളുടെ കൊടുങ്കാറ്റ് ആഞ്ഞടിച്ച ഈ ഘട്ടത്തിൽ അക്ഷോഭ്യനായ മെത്രാപ്പോലീത്താ ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് സഭാനൗകയെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചു.

യൂഹാനോൻ മാർത്തോമ്മായുടെ സേവനം സഭയുടെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല. സഭൈക്യത്തിന്റെ വക്താവായിരുന്നു തിരുമേനി. 1948–ൽ ആംസ്റ്റർഡാമിൽ നടന്ന സഭകളുടെ ലോക കൗൺസിലിന്റെ പ്രഥമ സമ്മേളനത്തിൽ മാർത്തോമ്മാ സഭയെ പ്രതിനിധാനം ചെയ്തു. 1954–ൽ അമേരിക്കയിലെ ഇവാൻസ്റ്റണിൽ നടന്ന രണ്ടാമത്തെ സമ്മേളനത്തിൽ ആ രാജ്യാന്തര സമ്മേളനത്തിന്റെ അദ്ധ്യക്ഷന്മാരിൽ ഒരാളായി മെത്രാപ്പോലീത്താ തെരഞ്ഞെടുക്കപ്പെട്ടു.

ബൈബിൾ സൊസൈറ്റി കേരളാ ഓക്സിലറിയുടെ പ്രസിഡന്റായി 14 വർഷം സേവനമനുഷ്ഠിച്ചിട്ടുള്ള മെത്രാപ്പോലീത്തായാണ്, ബൈബിൾ സൊസൈറ്റിയ്ക്ക് കേരളത്തിൽ അടിത്തറയുറപ്പിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുള്ളത്.

ലളിത ജീവിതത്തിന്റെ മാതൃക കാട്ടിയ തപോധനനായിരുന്നു യൂഹാനോൻ മാർത്തോമ്മാ. വിദ്യാർത്ഥിയായിരുന്ന കാലം മുതൽ ഖദർ വസ്ത്രമേ ധരിക്കുമായിരുന്നുള്ളു.

കേരളത്തിന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ മേഖലകളിൽ സുശക്തമായ അഭിപ്രായം വ്യക്തമാക്കുവാൻ മടികാട്ടിയിരുന്നില്ല. സുവിശേഷത്തിന്റെ സാമൂഹ്യമാനം തേടിയ മെത്രാപ്പോലീത്താ സാമൂഹ്യനീതിയുടെ പ്രവാചകനായിരുന്നു. സമൂഹത്തിലെ ദുർബല വിഭാഗങ്ങളോടു കാട്ടിയ കരുതൽ സുപ്രസിദ്ധമാണ്. തിരുമേനി രൂപം നൽകിയ ഭൂഭവനദാനപദ്ധതി രാഷ്ട്രത്തിനു തന്നെ പിൽക്കാലത്ത് മാതൃകയായി ഭവിച്ചു.

ലളിതസുന്ദരമായ ശൈലിയിൽ ഗഹനമായ ആശയങ്ങൾ ആവിഷ്ക്കരിക്കുവാൻ മെത്രാപ്പോലീത്തായ്ക്ക് പ്രത്യേക പാടവം ഉണ്ടായിരുന്നു. സഭാതാരകയുടെ എല്ലാ ലക്കങ്ങളിലും പ്രസിദ്ധീകരിച്ചിരുന്ന മെത്രാപ്പോലീത്താ തിരുമനസ്സിലെ കത്ത്, മെത്രാപ്പോലീത്താ തിരുമേനി ഇടവകജനങ്ങളെയും ചുമതലക്കാരെയും അറിയിക്കുന്നത് എന്നീ പംക്തികൾ പ്രഖ്യാതമാണ്. സമകാലീന പ്രസക്തിയുള്ള ഏതു വിഷയത്തെ സംബന്ധിച്ചും തിരുമേനി സ്വാഭിപ്രായം വ്യക്തമാക്കിയിരുന്നു. യൂഹാനോൻ മാർത്തോമ്മാ അനുഗ്രഹീതനായ ഒരു ഗ്രന്ഥകാരനും ആയിരുന്നു. പണ്ഡിതനും വിഖ്യാതനുമായ തിരുമേനിയെ സെറാമ്പൂർ യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് ബിരുദം നൽകി ആദരിച്ചു.

പരിശുദ്ധമായ ജീവിതചര്യകൊണ്ടും വിശാലമായ സഹാനുഭൂതികൊണ്ടും മാർത്തോമ്മാ സഭാംഗങ്ങൾക്കു മാത്രമല്ല സമുദായ ഭേദമന്യേ എല്ലാവർക്കും സമാദരണീയനും, മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷനുമായിരുന്ന ഡോ. യൂഹാനോൻ മാർത്തോമ്മാ, 1976 സെപ്തംബർ 27–ാം തീയതി ദിവംഗതനായി. ഭൗതിക ശരീരം തിരുവല്ല സെന്റ് തോമസ് പള്ളിയോട് ചേർന്നു തയ്യാറാക്കിയിരുന്ന കബറിടത്തിൽ സംസ്കരിച്ചു.

വ്യക്തമായ വിശ്വാസദർശനം വ്യത്യസ്തമായ ജീവിതശൈലി വ്യക്തിപരമായ ബന്ധം കൊണ്ടും സഭയുടെയും സമൂഹത്തിന്റെയും ഹൃദയത്തിന്റെ ഭാഗമായിത്തീർന്ന ഡോ. യൂഹാനോൻ മാർത്തോമ്മാ 1976 സെപ്റ്റംബർ 27–ാം തീയതി ദിവംഗതനായി. അറിവുകൊണ്ടും അനുഭവം കൊണ്ടും ആദർശംകൊണ്ടും അഭിലാഷം കൊണ്ടും എന്നും മനുഷ്യമനസ്സിൽ നിന്നും മാഞ്ഞുപോകാത്ത മെത്രാപ്പോലീത്തായുടെ മാർഗ്ഗവും ദർശനവും ചരിത്രത്തിന്റെ ഒരു ഭാഗമായി തീർക്കുക എന്നതല്ല, ഓരോ മാർത്തോമ്മാക്കാരന്റെയും നിയോഗവഴികളിൽ മായാമുദ്രയായി തീരട്ടെ.

# COLOUR PAGE

# COLOUR PAGE

# COLOUR PAGE

# COLOUR PAGE

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിക്കാനുള്ള അവസരമായി 1972 മുതൽ ഓരോ വർഷവും ജൂൺ 5 ലോകപരിസ്ഥിതിദിനമായി ആചരിച്ചുവരുന്നു. പ്രകൃതിയുടെ സമതുലിതാവസ്ഥയിലുണ്ടാകുന്ന അനാരോഗ്യകരമായ മാറ്റങ്ങളിൽ മാനവരാശിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുമെന്ന തിരിച്ചറിവാണ് പരിസ്ഥിതി സംരക്ഷണത്തിനായി ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ വിവിധ ലോകരാഷ്ട്രങ്ങൾക്കു പ്രേരകശക്തിയായത്. മനുഷ്യൻ സ്വീകരിച്ചുവരുന്ന അഭിലഷീണയവും അശാസ്ത്രീയവുമായ വികസനപ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിയുടെയും തദ്വാര ഈ ഭൂമിയുടെ തന്നെയും നിലനിൽപ്പ് അപകടത്തിലായേക്കാം.


ഇന്നു നമ്മുടെ പരിസ്ഥിതി പലവിധത്തിലും മലിനമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ മനുഷ്യവാസമായ ഓരോ ഇടവും രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങളുടെ കേന്ദ്രമായി മാറുകയാണ്. നഷ്ടപ്പെട്ടുപോയ ഭൂതകാല നന്മകൾ ഓർത്തു വിലപിക്കാതെ പ്രകൃതിസംരക്ഷണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും ഉതകുന്ന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക എന്നതാണ് പ്രധാനം. പരിസ്ഥിതി മലിനീകരണത്തിന്റെ ഏറ്റവും രൂക്ഷമായ വശം നമ്മുടെ മാലിന്യങ്ങളുടെ കൂമ്പാരമാണ്. മാലിന്യങ്ങളും വിസർജ്യങ്ങളും നാട്ടിൽ ഉണ്ടാകുക സ്വാഭാവികം. എന്നാൽ അവയെ വേണ്ടവിധത്തിൽ സംസ്കരിക്കുകയാണ് വേയ്സ്റ്റ് മാനേജ്മെന്റ്. യൂറോപ്പിലും മറ്റു വിദേശരാജ്യങ്ങളിലും അറേബ്യൻ നാടുകളിലും ഇത്തരത്തിൽ മാലിന്യനിർമ്മാർജ്ജനം ഫലപ്രദമായും വിജയപ്രദമായും നിർവഹിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ മാത്രം അതു ഫലപ്രദമാകുന്നില്ല. മാലിന്യം സംസ്കരിച്ച് അതിലൂടെ ഊർജ്ജവും വളവും ഉത്പാദിപ്പിക്കാവുന്ന ആധുനിക സാങ്കേതികവിദ്യ ഇന്നുണ്ട്. എന്നാൽ അതെല്ലാം നടപ്പിലാക്കാൻ രാഷ്ട്രീയമായ ഇച്ഛാശക്തിയും താത്പര്യവും ആവശ്യമാണ്. യഥാവിധി മാലിന്യം സംസ്കരിക്കാനും അതിൽനിന്ന് ഉപോത്പന്നങ്ങളായി ഊർജ്ജവും ജൈവവളവും ഉത്പാദിപ്പിക്കാനും നമുക്ക് കഴിഞ്ഞാൽ അത് വിപ്ലവകരമായ മാറ്റങ്ങൾക്കു വഴിതെളിക്കും.

പരിസ്ഥിതിപ്രശ്നങ്ങൾ ഒരു രാജ്യത്തെ മാത്രമല്ല, ലോകത്തെമ്പാടും അതിന്റെ അലയൊലികൾ ദൃശ്യമാണ്. ജലം, വായു, മണ്ണ് എന്നിവയിലൂടെ പ്രകൃതി മലിനമാക്കുന്നത് തടയുക എന്നതാണ് പ്രകൃതിസംരക്ഷണത്തിന്റെ ഏറ്റവും വലിയ പോംവഴി. ദിനംതോറും വർദ്ധിച്ചുവരുന്ന വാഹനങ്ങളിൽനിന്നും ഉയരുന്ന പുക അന്തരീക്ഷമലിനീകരണത്തിനു കാരണമാകുന്നു. കാർബണിന്റെ സാന്നിദ്ധ്യം വർദ്ധിക്കുന്നത് ആഗോളതാപനത്തിൽ വ്യതിയാനങ്ങൾ വരുത്തുന്നുണ്ട്. ജലത്തിനായി 2000 ദശലക്ഷം ജനങ്ങൾ മരിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിൽ ജലവിഭവങ്ങൾക്കായുള്ള പ്രാധാന്യം ഊന്നിപ്പറയുന്നുവെങ്കിലും ഈ രംഗത്തെ മറ്റു പല പ്രശ്നങ്ങളും തുല്യപ്രാധാന്യമർഹിക്കുന്നവയാണ്. പരിസ്ഥിതിയെ ശാസ്ത്രീയമായി സംരക്ഷിക്കാനുള്ള അവബോധവും പരിശീലനവുമാണ് നമുക്കിന്നു വേണ്ടത്. പ്രകൃതിസംരക്ഷണത്തെക്കുറിച്ചുള്ള ബോധവത്കരണം സമൂഹത്തിന്റെ താഴേക്കിടയിൽനിന്നും ആരംഭിക്കണം. ബോധവത്കരണ പരിപാടികളിലൂടെയും മറ്റും പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. പരിസ്ഥിതി സംരക്ഷണവും മാലിന്യനിർമ്മാർജ്ജനവും ഇന്നത്തെ പ്രധാന വെല്ലുവിളികളാണ്. നാളയെക്കുറിച്ചുള്ള സ്വപ്നങ്ങൾ നാം മെനയുമ്പോൾ ഇന്നത്തെ അടിയന്തിര പ്രശ്നങ്ങൾ പരിഹരിച്ചുവേണം മുന്നോട്ടുപോകാൻ. മാലിന്യനിർമ്മാർജ്ജനത്തിന്റെ നവീന സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി പരിസ്ഥിതി സംരക്ഷണം ത്വരിതപ്പെടുത്തി പ്രകൃതിസംരക്ഷണം നിലനില്പിന്റെ പ്രശ്നമായി കണ്ടുപഠിക്കാൻ നാം തയ്യാറാകണം. രാഷ്ട്രീയ പാർട്ടികളും സന്നദ്ധ്യസംഘടനകളും സഭയുമെല്ലാം അതീവതാല്പര്യത്തോടും ജാഗ്രതയോടും സമീപിക്കേണ്ട ഒരു മേഖലയാണ് പ്രകൃതി സംരക്ഷണത്തിന്റെയും മാലിന്യനിർമ്മാർജ്ജനത്തിന്റെയും തലം.





ഷേർലി തോമസ്
മാർത്തോമ്മാ ചർച്ച്, പറക്കോട്

അനുസ്മരണം:
റവ. സി.ഐ. ഗീവർഗീസ്



# സഫലം ഈ ജീവിതയാത്ര



തയ്യാറാക്കിയത്:
റവ. പി. എൻ. അലക്സാണ്ടർ

മാർത്തോമ്മാ സഭയിൽ അനുഗ്രഹീതശുശ്രൂഷ നിർവ്വഹിച്ച് ദൈവസന്നിധിയിലേക്ക് വിളിച്ചുചേർക്കപ്പെട്ട കൊറ്റനല്ലൂർ കണ്ണൻകര പുത്തൻവീട്ടിൽ സി.ഐ. ഗീവർഗീസ് അച്ചൻ മനുഷ്യഹൃദയങ്ങളിൽ സജീവ ഓർമ്മകൾ നിലനിർത്തുകയാണ്. തന്റെ വിളിയേയും നിയോഗത്തെയും തികഞ്ഞ അർപ്പണബോധത്തോടെ കാണുകയും അതിനോട് പരമാവധി നീതിപുലർത്തുകയും ചെയ്ത ഒരു മാതൃകാപട്ടക്കാരനായിരുന്നു. പി.പി.ഏബ്രഹാം, സി.ഐ. ഗീവർഗ്ഗീസ്, പി.എൻ. അലക്സാണ്ടർ എന്ന അടൂർക്കാരായ ഞങ്ങൾ മൂന്നുപേരും ഒരേ കാലഘട്ടത്തിൽ വൈദീകവിദ്യാഭ്യാസത്തിലേക്ക് പ്രവേശിച്ചവരാണ്. കണ്ണംകോട്, അടൂർ, കൊറ്റനല്ലൂർ എന്നീ മൂന്ന് ഇടവകകളുടെ വികാരിയായി ആ കാലഘട്ടങ്ങളിൽ യശ്ശശരീരനായ ജെ. വർഗീസ് (കാർത്തികപ്പള്ളി) അച്ചനായിരുന്നു സേവനം അനുഷ്ഠിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഹൃദ്യമായ പെരുമാറ്റവും കരുതലും ഞങ്ങൾ മൂന്നുപേരെയും ഒരുപോലെ സ്വാധീനിച്ചു. കണ്ടുമുട്ടലുകൾ വഴിത്തിരിവായി മാറി. അച്ചൻ ആണ് ഞങ്ങൾ മൂന്ന് ആളുകളുടെയും പേരുകൾ സഭാ ആഫീസിലേക്ക് അറിയിക്കുകയും, തുടർന്ന് സെമിനാരിയിൽ പഠനത്തിന് പ്രവേശിക്കുകയും ചെയ്യുവാൻ ഇടയായത്. ഞങ്ങളിൽ ആദ്യം യാത്ര പറഞ്ഞ സി.ഐ. ഗീവർഗ്ഗീസ് അച്ചനെ വ്യത്യസ്തനാക്കുന്ന പല പ്രത്യേക ഘടകങ്ങൾ ഉണ്ട്.

സമർത്ഥനായ ഒരു വിദ്യാർത്ഥി, ഒരു ഉറ്റ സഹപാഠി എന്ന നിലയിലാണ്. ഞങ്ങളുടെ വീടിന് ഏതാണ്ട് സമീപത്തായി ആ കാലത്ത് ഒരു നല്ല പ്രൈമറി സ്കൂൾ ഉണ്ടായിരുന്നു. സി.എം.എസ്. മിഷ്യൻ സ്കൂളായിരുന്നു. പ്രധാന അദ്ധ്യാപിക, സി.ചെറിയാൻ അച്ചന്റെ (കരുവാറ്റ) കൊച്ചമ്മ സാറാമ്മ ടീച്ചർ ആയിരുന്നു. മിക്കവാറും ദിവസങ്ങളിൽ "ശോഭിത പട്ടണം പാപദോഷങ്ങൾക്ക് പ്രവേശം ഇല്ല, പ്രവേശമില്ല, യാതൊരു അശുദ്ധിക്കും" എന്ന പാട്ട് പാടിക്കൊണ്ടാണ് രാവിലെ ക്ലാസ് ആരംഭിക്കുന്നത്. ചെറിയ ഒരു വേദപഠന ക്ലാസും ഉണ്ടായിരിക്കും. മിഷ്യൻ സ്കൂളിലെ പ്രൈമറി വിദ്യാഭ്യാസം ജീവിതത്തിന്റെ ഒരു നല്ല അടിത്തറ തന്നെയായിരുന്നു. പഠിത്തത്തിലും കളിയിലും സമർത്ഥനായിരുന്നു. പന്തളം എൻ.എസ്.എസ്. കോളേജിൽ ഇന്റർമീഡിയറ്റ് ക്ലാസിന് ഞങ്ങൾ ഒരുമിച്ചു പഠിച്ചു. സി.എസ്.ഐ. മദ്ധ്യകേരള ഡയോസിസ് ബിഷപ്പായ സാം മാത്യു തിരുമേനിയും ഒരു കോളേജ് വിദ്യാർത്ഥിയായി ഞങ്ങളോടൊപ്പം അടൂരിൽനിന്ന് ബസ്സിലും കോളേജിലും ഉണ്ടായിരുന്നു. ആ കാലഘട്ടങ്ങൾ കോളേജുകളും വിദ്യാർത്ഥികളുടെ എണ്ണവും വളരെ കുറവാകയാൽ വളെ ഉഷ്മളമായ സുഹൃദ്ബന്ധങ്ങൾ നിലനിന്നിരുന്നു. പി.പി. ഏബ്രഹാം അച്ചനും പന്തളം എൻ.എസ്.എസ്.-ൽ ബി.എ. തുടർന്നു പഠിക്കുമ്പോൾ സി.ഐ. ഗീവർഗ്ഗീസ് അച്ചൻ കൊല്ലം ഫാത്തിമാ നാഷണൽ കോളേജിൽ ബി.എസ്.സി (ഫിസിക്സ്) നു ചേർന്നു. അച്ചൻ താമസിച്ച വില്ല്യം കേറി ഹോസ്റ്റലിൽ ഹോസ്റ്റൽ സെക്രട്ടറിയായി നേതൃത്വനിരയിൽ ശോഭിച്ചു.

1957-ൽ കോട്ടയം മാർത്തോമ്മാ വൈദീക സെമിനാരിയിൽ ഞങ്ങൾ മൂന്നുപേരും വൈദീക വിദ്യാർത്ഥികളായി പ്രവേശിച്ചു. കോട്ടയം സെമിനാരിയിൽ പഠിക്കുവാൻ എത്തുന്ന ആദ്യത്തെ ബിരുദധാരികൾ അടൂർക്കാരായ ഞങ്ങൾ മൂന്നുപേരായിരുന്നു. റവ.റ്റി.സി. തോമസ് അച്ചൻ പ്രിൻസിപ്പലും റവ.എം.വി. ഏബ്രഹാം അച്ചൻ റസി

ഡന്റ് വാർഡനും. ഞങ്ങൾ ആകെ 8 വിദ്യാർത്ഥി കൾ മാത്രം. തികച്ചും ഒരു ഗുരുകുല വിദ്യാഭ്യാസം. വളരെ അടുക്കും ചിട്ടയും അച്ചടക്കവും. ഒപ്പം തന്നെ തികഞ്ഞ സ്നേഹവും സൗഹൃദവും. വൈദീക ശുശ്രൂഷയ്ക്കായി മികവുറ്റ ഒരു പാക പ്പെടൽ ഇടമായിരുന്നു.

1960 ജൂലൈ 20-ന് ശെമ്മാശ് സ്ഥാന ത്തേക്കും ഒക്ടോബർ 15-ന് കശ്ശീശാസ്ഥാന ത്തേക്കും തിരുവല്ലാ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിലെ മദ്ബഹായിൽ വച്ച് ഞങ്ങൾ മൂന്നുപേരും ഒരുമിച്ച് സഭാശുശ്രൂഷയി ലേക്ക് സർവ്വശക്തനായ ദൈവം വിളിച്ച് അടുപ്പി ച്ചു. യൂഹാനോൻ തിരുമേനി മാർത്തോമ്മാ മെത്രാ പ്പോലീത്താ ആയിരുന്ന കാലഘട്ടം. ഗീവർഗ്ഗീസ് അച്ചന്റെ ആദ്യത്തെ ഇടവക പഴഞ്ഞി മാർത്തോമ്മാ പള്ളി ആയിരുന്നു. ചില വർഷ ങ്ങൾക്കുശേഷം മാതൃ ഇടവകയിൽ എത്തി സ്തുത്യർഹമായ ശുശ്രൂഷ നിർവ്വഹിച്ചു. 1969 മുതൽ കൊല്ലം-കൊട്ടാരക്കര, അടൂർ-മാവേലിക്കര, എന്നിങ്ങനെ അടൂർ ഭദ്രാസനത്തെ കേന്ദ്രീക രിച്ച് ഭദ്രാസന സെക്രട്ടറി, ബിഷപ്പ് സെക്രട്ടറി എന്നീ നിലകളിൽ സഭയിലെ അഞ്ച് തിരുമേനിമാ രോടൊപ്പം അനുഗ്രഹീതമായ ശുശ്രൂഷ നിർവ്വഹി ച്ചു. ഇപ്പോഴത്തെ നമ്മുടെ മെത്രാപ്പോലീത്താ തിരു മേനിയോടൊപ്പം ദീർഘകാലം അടൂർ ഭദ്രാസന ത്തിന്റെ സമഗ്രവികസനത്തിൽ സജീവപങ്കാ ളിത്തം വഹിച്ചു. പന്തളം മാർത്തോമ്മാ സെന്റർ, ശാസ്താംകോട്ട മാർത്തോമ്മാ സെന്റർ ആദിയായ സ്ഥാപനങ്ങൾ ആ കാലങ്ങളിലാണ് രൂപപ്പെട്ടത്. യുവജനസഖ്യം കേന്ദ്ര വൈസ് പ്രസിഡന്റ് സ്ഥാനം മുതൽ എപ്പിസ്കോപ്പൽ ബോർഡ് അംഗത്വം വരെ വിവിധ മേഖലകളിൽ വിശ്വസ്ത തയോടെ സേവനം അനുഷ്ഠിച്ചു. ഇവയെല്ലാം തികഞ്ഞ പ്രതിബദ്ധതയോടെ നിർവ്വഹിക്കുകയാ യിരുന്നു. വിദേശത്തേക്ക് വരെ സ്ഥലം മാറ്റം വന്ന പ്പോൾ, കുടുംബത്തെ ഏക മകനായിരുന്നതിനാൽ, മാതാപിതാക്കളെ സംരക്ഷിക്കുവാൻ സഹധർമ്മി ണിയെ വീട്ടിൽ താമസിപ്പിച്ചു. മക്കളെ കുടുംബത്ത് താമസിപ്പിച്ച് പഠിപ്പിച്ചു. ശോശാമ്മ കൊച്ചമ്മയുടെ കഴിഞ്ഞ 52 വർഷങ്ങളിലെ കുടുംബത്തിന്റെ ഉള്ളിലും പുറത്തുമുള്ള ശുശ്രൂഷ ആയിരുന്നു അച്ചന്റെ പട്ടത്വശുശ്രൂഷയുടെ വിജയം. മക്കൾ: 3 പേർ. മകൻ: റവ.ഐസക് ജി. വർഗീസ്, ഭാര്യ ഡോ. മിനി ഐസക്.

മകൾ: റേച്ചൽ ഏബ്രഹാം, ഭർത്താവ് പരേതനായ റവ. ഏബ്രഹാം ജി. മാത്യു, മകൻ: ഏബൻ മാത്യു ഏബ്രഹാം (വൈദിക വിദ്യാർത്ഥി).

മകൻ: ഡോ. ജയിക്കബ് ജി. വർഗ്ഗീസ്, ഭാര്യ ഡോ. സോഫി സൂസൻ ജയിക്കബ്. ഒരു വൈദികന്റെ മക്കൾ എന്നുള്ള പദവിയും സ്ഥാനവും സഭയിലും സമൂഹത്തിലും അവർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

2015 ഡിസംബർ 27-ന് താൻ പ്രിയംവച്ച അരുമനാഥന്റെ മഹത്വസന്നിധിയിലേക്ക് അച്ചൻ ചേർക്കപ്പെട്ടു. മാർത്തോമ്മാ മെത്രാപ്പോലീത്താ ജോസഫ് മാർ ഐറേനിയസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും ഭദ്രാസന എപ്പി സ്കോപ്പാ ജോസഫ് മാർ ബർന്നബാസ് തിരുമേ നിയോടു ചേർന്ന് മറ്റു തിരുമേനിമാരുടെ സഹകര ണത്തിലും ഉചിതവും യോഗ്യവുമായ രീതിയിൽ സംസ്കാരശുശ്രൂഷകൾ പൂർത്തീകരിച്ചു. അച്ചന്റെ ജീവിതത്തിൽ പ്രകടമാക്കിയ സമർപ്പണബോധം, സ്നേഹബന്ധങ്ങൾ, സഭാജനങ്ങളെ അടുത്തറി യാവുന്ന സ്വഭാവരീതി, സേവനസന്നദ്ധത, സുതാ ര്യവും സുശക്തവുമായ നേതൃത്വം, നിയോഗിതപാ തയിൽ എന്നും മായാമുദ്രയായി നിലകൊള്ളുന്നു.

പൗലോസ് അപ്പോസ്തലൻ ഫിലിപ്യരോട് അറിയിച്ച സന്ദേശം അന്വർത്ഥമാകുകയാണ്. "അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്ന് ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകും." (ഫിലിപ്യർ 2:6).



**ഭദ്രാസന ഇ–മെയിൽ : 2hermonaramana@gmail.com**
**ഭദ്രാസന ബിഷപ് സെക്രട്ടറി : Rev. Shibu Mathew. Mob: 9447453469**



## പള്ളി മെഴുകുതിരി

പൂതങ്കര മിഷന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ച പള്ളി മെഴുകുതിരികൾ അരമന ഓഫീസിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രയോജനപ്പെടുത്തണമേ.




# ചരിത്രത്തിന്റെ പാതയിലെ വഴിവിളക്ക്



**ഭാ**രതത്തിലെ ക്രിസ്തീയ സഭയ്ക്ക് പുതിയ ചരിത്രം സമ്മാനിച്ച ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയതിരുമേനി. ആയിരം പൂർണ്ണചന്ദ്രന്മാരെക്കണ്ട വലിയതിരുമേനിക്ക് ഇപ്പോൾ വയസ്സ് തൊണ്ണൂറ്റിയൊമ്പത്. ചിരിയും ചിന്തയുമായി കേരളീയ സാമൂഹ്യ ജീവിതത്തിൽ ഇപ്പോഴും സജീവ സാന്നിദ്ധ്യം. ഒരു മെത്രാനാകുന്നതാണോ ഒരു കൃഷിക്കാരനാവുന്നതാണോ കൂടുതലിഷ്ടമെന്ന് ഒരിക്കൽ ഒരാൾ തിരുമേനിയോട് ചോദിച്ചു. ആളുകളെ സ്വർഗ്ഗത്തിൽ അയയ്ക്കാനുള്ള പണിയാണ് മെത്രാന്റേത്. കപ്പയിടുന്നത് സ്വർഗ്ഗത്തിലേക്കുള്ള യാത്രയുടെ ആദ്യപടിയും. ഭൂമിയിൽ ജീവിച്ചവർക്കുമാത്രമേ സ്വർഗ്ഗത്തിൽ പ്രവേശനമുള്ളു. ഇന്ന് ജീവിക്കുന്നവർ വളരെ കുറച്ചേയുള്ളു. അതുകൊണ്ടാണ് ജനനവും മരണവും മാത്രം കല്ലറകളിൽ രേഖപ്പെടുത്തുന്നത്. അവർക്ക് ജീവിതമില്ല. ഇന്നു നീ ജീവിച്ചെങ്കിലെ നാളെ നീ ജീവിക്കുകയുള്ളു... അങ്ങനെ ജീവിക്കുന്നവർ നാളെ ലോകത്തിന്റെ അവകാശികളായിമാറും. ഒരാളെ സ്വർഗ്ഗത്തിലേക്ക് അയയ്ക്കുകയെന്ന മെത്രാൻപണി ഒരാളെ ദൈവത്തോട് അടുപ്പിക്കുന്ന ആത്മീയവേലയാണ്.

കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രംഗത്ത് സജീവ സാന്നിദ്ധ്യമാണ് ക്രിസോസ്റ്റം തിരുമേനി. ചിരിയും ചിന്തയും സമന്വയിപ്പിക്കുന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാട് കേവലം മതത്തിനുള്ളിലോ സമുദായത്തിനുള്ളിലോ ഒതുങ്ങുന്നില്ല. ജാതിമതഭേദമന്യേ തന്റെ ചുറ്റുമുള്ള ജനങ്ങളുടെ ഒരാളായി ഏതു സമസ്യയ്ക്കും തന്റേതായ ശൈലിയിലുള്ള ഉത്തരവുമായി അദ്ദേഹമുണ്ട്.

ഡോ. ബാബു പോളിന്റെ ഭാഷയിൽ കുഞ്ചൻ നമ്പ്യാർക്കും ഇ. വി. കൃഷ്ണപിള്ളയ്ക്കും ശേഷം മലയാളികളെ ഏറ്റവുമധികം ചിരിപ്പിച്ച വ്യക്തിയെന്ന നിലയിലാണ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത അറിയപ്പെടുന്നതെങ്കിലും ആ ശ്രേഷ്ഠ വ്യക്തിത്വത്തിന്റെ ബഹുമുഖഭാവം അടുത്തറിയുന്നവർക്കും വായിച്ചറിയുന്നവർക്കും അപരിചിതമല്ല. സദാ പ്രസന്നഭാവത്തോടെ ജനങ്ങളുടെ മുമ്പിൽ വരുന്ന ഈ വലിയ ആത്മീയ ആചാര്യന് നർമ്മ ഭാവനകളോടെ മറ്റുള്ളവരെ അസാമാന്യമായി ചിരിപ്പിക്കാനുള്ള കഴിവുമുണ്ട്. അത് ജന്മസിദ്ധവുമാണ്. ഓരോ ഫലിതത്തിലും ആത്മാവിന് കുളിർമ്മ നല്കുന്ന ആത്മീയ മൂല്യങ്ങളും നിറഞ്ഞിരിക്കും ക്രിസോസ്റ്റം തിരുമേനിയുടെ അനുഭവങ്ങൾ ജീവിതവിശേഷങ്ങളെക്കാൾ ജീവിതവീക്ഷണങ്ങളിലേക്ക് വീശുന്ന വെളിച്ചമാണ്. ഫീലിപ്പോസ് ക്രിസോസ്റ്റം നാനാജാതി മതസ്ഥരടങ്ങുന്ന ഒരു ജനതയുടെ പ്രിയങ്കരനും സഭയുടെ ആത്മീയനേതാവും പൈതൃകമായ പാരമ്പര്യത്തിലെ അപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയുമാണ്. ഒരു മുത്തച്ഛന്റെ സ്നേഹ വാത്സല്യങ്ങളോടെ നീണ്ടകാലം സഭയ്ക്കും സമൂഹത്തിനും സേവനം ചെയ്ത ശേഷം സഭയുടെ ഔദ്യോഗിക സ്ഥാനമാനങ്ങളിൽ നിന്നും സ്വയം സ്ഥാനത്യാഗം ചെയ്യുകയാണുണ്ടായത്. അസാധാരണമായ ഈ വ്യക്തിപ്രഭയെ ജാതി മത ഭേദമന്യേ ആകമാന ജനം സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു.

ഫീലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ (ഫിലിഫ് ഉമ്മൻ) 1918 ഏപ്രിൽ 27 ന് ജനിച്ചു. അജപാലകനായി ഭാരത ക്രിസ്ത്യൻ സഭകളിൽ മറ്റാരെക്കാളും ദീർഘകാലം സഭയെ സേവിച്ചുവെന്നുള്ള വ്യക്തിമുദ്രയും അദ്ദേഹത്തിനുണ്ട് അറിവിന്റെ ആഴങ്ങളിൽ ജീവനസത്യം തേടി അലയവേ, നർമ്മത്തിന്റെ പൊൻചിപ്പിയിൽ ചിന്തകൾ വിരിയിക്കുന്ന അനുപമ മാനസനാണ് മാർ ക്രിസോസ്റ്റം !! യുഗപ്രതിഭ/ചിരിയുടെ അവതാരം/എളിമയുടെ നീരൊഴുക്ക് എന്നൊക്കെ ഓരോമനസ്സുകൾ ഈ പുണ്യമാനസനെ പ്രകീർത്തിക്കാറുമുണ്ട്.

തിരുമേനിയുടെ അതുല്യമായ വ്യക്തിത്വം, അസദൃശമായ ആശയഗാംഭീര്യം, ആകർഷണീയമായ പെരുമാറ്റരീതികൾ, അനുകരണീയ ജീവിതമാതൃക, അവിസ്മരണീയമായ ആവിഷ്കാരങ്ങൾ, ആഴമായ അനുഭവപാടവങ്ങൾ, അചഞ്ചലമായ വിശ്വാസം എന്നും അനുകരണീയമാണ്.

ചരിത്രത്തിന്റെ പാതയിൽ എന്നും വഴിവിളക്കായ തിരുമേനിയോടൊപ്പം നമുക്കും തീർത്ഥാടകരാകാം. 99-ാം വയസ്സിലേക്ക് പ്രവേശിച്ച വന്ദ്യ പിതാവിന് ഒരായിരം ആശംസകൾ.

Youth Bible study

# BOOK OF GENESIS



We all look back and wonder about beginnings. Children are fascinated with stories of their birth and babyhood. Families trace their genealogies. Nations produce histories of their origins. The pressures of the present and hopes for the future take on new meaning when we know more about how it all began.

**Genesis is a book of beginnings:**

The origin of the universe, birth of the human race and founding of the Hebrew nation.

**Genesis is the book of begetting:**

It describes the family tree from Adam to the founding of the nation of Israel. The account focuses on Primitive History and Patriarchal History. Primitive history records (1) Creation (Genesis chapters 1-2); (2) the Fall of man (Genesis chapters 3-5); (3) the Flood (Genesis chapters 6-9); and (4) the dispersion (Genesis chapters 10-11).

Patriarchal history records the lives of four great men: (1) Abraham(Genesis 12-25:8); (2) Isaac (Genesis 21:1-35-29); (3) Jacob (Genesis 25:21-50:14); and (4) Joseph (Genesis 30:22-50:26)

**Genesis is the book of Believing:**

Noah believed god and built ark. Abraham believed God and left home for the promised land. Abraham and Sarah believed God, and He gave them a son.

**Genesis is the book of becoming:**

God patiently worked with His people to make what He wanted to be.

**Genesis is the Book of belief:**

Here we learn about God, and nature in their mutual relationships. The Creator and Controller of the universe reveals himself as the Lord and Judge of history, which has both a purpose and a goal. Concepts of covenant and grace, election and redemption permeate God's saving activity to overcome the consequences of evil and sin. These great doctrines of creation, sin and salvation trace their beginnings to this remarkable book.

Let us open it prayerfully
Read it Carefully
Obey it joyfully

Prepared by
**Sherin J. Tharakan**

## മണിമുത്തുകൾ




# കാക്കയുടെ കൗശലം



കൊച്ചുകൂട്ടുകാരെ,

ഒരു മരത്തിൽ രണ്ട് കാക്കകൾ കൂടുകൂട്ടി താമസിച്ചിരുന്നു. മരത്തിന്റെ ചുവട്ടിലായി ഒരു മാളത്തിൽ ഒരു പാമ്പും താമസിച്ചിരുന്നു. വെറും പാമ്പല്ല. ഒരു വിഷസർപ്പം. പെൺകാക്ക മുട്ടയിടും. പക്ഷേ, ഈ സർപ്പം മരത്തിൽ കയറി മുട്ടകളെല്ലാം തിന്നുകളയും. അതുകൊണ്ട് മുട്ടകളൊന്നും വിരിഞ്ഞില്ല. പാവം കാക്കകൾ. എന്തു ചെയ്യാനാണ്. സർപ്പത്തെ ഓടിക്കാൻ അവർ ശ്രമിച്ചപ്പോളൊക്കെ അവൻ പത്തിവിടർത്തി അവരെ കൊത്താനോങ്ങി. പാമ്പിന്റെ ശല്യം സഹിക്കാൻ വയ്യാതെ കാക്കകൾ വളരെ സങ്കടത്തിലായി. ഇവനെ നശിപ്പിക്കാൻ എന്താണൊരു വഴി? കാക്കകൾ ആലോചിച്ചു.

ഒരു ദിവസം അടുത്തുള്ള വീട്ടിലെ കുട്ടി മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവളുടെ കഴുത്തിൽ ഒരു സ്വർണ്ണമാലയുണ്ടായിരുന്നു. പെട്ടെന്ന് ആ മാല ഊരി താഴെവീണുപോയി. പെൺകാക്ക ഇതു കണ്ടു. കാക്കയ്ക്ക് ഒരു ബുദ്ധി തോന്നി. കാക്ക പറന്നുചെന്ന് മാല കൊത്തിയെടുത്തുകൊണ്ട് ഒറ്റ പറക്കൽ!! കുട്ടി ഉറക്കെക്കരഞ്ഞു. അതുകേട്ട് പറമ്പിൽ പണിയെടുത്തുകൊണ്ടിരിക്കുകയായിരുന്ന അവളുടെ അച്ഛൻ ഓടിവന്നു. കാക്ക മാലയുമായി കൂടിരിക്കുന്ന മരത്തിലേക്കു പോയി. ഒരു വടിയും കൈയ്യിലെടുത്തു കൊണ്ട് അയാളും പിറകേ ഓടി. കാക്ക പറന്നുചെന്ന് മാല പാമ്പിന്റെ മാളത്തിൽ കൊണ്ടുപോയി ഇട്ടു. എന്നിട്ട് മരത്തിൽ പോയി ഇരുന്നു.

കുട്ടിയുടെ അച്ഛൻ ഓടിയെത്തി മാളത്തിൽ കുത്തി. സർപ്പം പുറത്തുവന്നു. പത്തി വിടർത്തി ചീറ്റിക്കൊണ്ട് അത് കൊത്താനായി ഓടിവന്നു. കുട്ടിയുടെ അച്ഛൻ പാമ്പിനെ തല്ലിക്കൊന്നു. മാലയും എടുത്തുകൊണ്ട് വീട്ടിലേക്ക് പോയി. കാക്കകൾ സന്തോഷത്താൽ കാ... കാ... എന്ന് ഉറക്കെ കരഞ്ഞു. അവരോടൊപ്പം സന്തോഷിക്കാൻ മറ്റ് കാക്കകളും അവിടെ വന്നുചേർന്നു.

ഈ കഥയിൽനിന്നും മനസ്സിലാക്കാവുന്ന ഗുണപാഠമെന്താണ്? ബുദ്ധി ഉപയോഗിച്ചാൽ ഏത് ആപത്തുകളിൽനിന്നും രക്ഷപ്പെടുവാൻ സാധിക്കും. പ്രയാസകരമായ സാഹചര്യങ്ങൾ വരുമ്പോൾ അതിനെ നോക്കി ഭയപ്പെടാതെ, ബുദ്ധി ഉപയോഗിച്ച് അതിനെ നേരിടുവാൻ പഠിക്കുക.



## നിയോഗ വഴിത്താരയിൽ അനുഗ്രഹീത ശുശ്രൂഷ നിറവേറ്റി മറ്റ് ഭദ്രാസനത്തിലേക്ക് സ്ഥലം മാറിപ്പോകുന്ന ഇടയശ്രേഷ്ഠർക്ക് ആശംസകൾ

Rev. Simon Kurian
Rev. K. P. Sam
Rev. Shoji Varghese
Rev. Samuel P. S.
Rev. Johnson Samuel
Rev. James George
Rev. Jose Abraham
Rev. Steephen Mathew
Rev. Thomas Varghese ( Rtd.)
Rev. V. T. Yesudasan
Rev. John Mathew E.
Rev. Alexander Thomas
Rev. Titus Thomas
Rev. Siju C. Philip
Rev. George Yohannan

## അടൂർ ഭദ്രാസനത്തിലേക്ക് ആഗതരാകുന്ന വൈദികശ്രേഷ്ഠർക്ക് ആശംസകൾ

Rev. Abraham C.
Rev. Thariyan
Rev. Anu Oommen
Rev. Blession T.
Rev. Bobby K. George
Rev. Jinu Jacob
Rev. John Mathew
Rev. C. Joseph
Rev. Kurian George
Rev. Mammen Samuel
Rev. T. P. Mathew
Rev. Reji Yohannan
Rev. Sabu Thomas
Rev. Zachariah John
Rev. Saju Samuel C.
Rev. Shibu Mathew
Rev. Varghese George


*Where learning becomes alive*

**Admissions are open**

# Mar Thoma Residntial School, Kalayapuram

**Zion Kunnu, Puthoormukku, Kollam-691 521**
**PH: 0474 2616996. E-mail: mtrskalayapuram@gmail.com**

**Features:**

- Advanced teaching methods
- Smart Class
- Language Lab
- Computer Lab
- Mind Lab
- Multimedia center
- Life Skills
- Swimming, aerobics et

**Rev. Sibu Pallichira (Manager)**

# വാർത്തകൾ – വിശേഷങ്ങൾ

**മാർത്തോമ്മാ സൺഡേസ്കൂൾ**

## ബാലസമാജോത്സവം

അടൂർ ഭദ്രാസന സൺഡേസ്കൂളിന്റെ നേതൃത്വത്തിലുള്ള മൂന്നാമത് ബാലസമാജോത്സവം ഏപ്രിൽ 14-ന് ഇ.എം.ടി.എം. ധ്യാനകേന്ദ്രത്തിൽ നടന്നു. നി.വ.ദി.ശ്രീ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. കുമാരി എത്സ സൂസൻ ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ബാലസമാജം കുട്ടികളെ തന്നെ യോഗനടപടികൾക്കു നേതൃത്വം നൽകി. സെന്റർ ബാലസമാജങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ വേദപുസ്തകാശയങ്ങൾ ഉൾക്കൊള്ളുന്നതും ആകർഷകവുമായിരുന്നു. അഞ്ഞൂറിലധികം പേർ പങ്കെടുത്ത സംഗമത്തിൽ വികാരി ജനറാൾ വന്ദ്യ ദി.ശ്രീ. സ്കറിയാ ഏബ്രഹാം അച്ചൻ, സമാജം ജനറൽ സെക്രട്ടറി റവ. നൈനു ചാണ്ടി എന്നിവർ പ്രസംഗിച്ചു.

**ബാലസമാജം ആരംഭിച്ചിട്ടില്ലാത്ത ഇടവകകൾ എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണമേ.**

**ബൈബിൾക്വിസ്**

അടൂർ ഭദ്രാസന സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ ബൈബിൾ ക്വിസ് മത്സരം ഏപ്രിൽ 14-ന് നടന്നു. മത്സര വിജയികൾ

**ജൂനിയേഴ്സ്**

Ist കുമാരി കെസിയ ഷാജി, അരിനല്ലൂർ ബഥേൽ
IInd കുമാരി അതീനാ സ്റ്റീഫൻ, ഭരണിക്കാവ് ഈസ്റ്റ് സൺഡേസ്കൂൾ
IIIrd കുമാരി ജൂബി ജോസ്, പന്തളം സൺഡേസ്കൂൾ
കുമാരി അലീനാ കെ. ജോസഫ്, ചെരുങ്കുളം സൺഡേസ്കൂൾ

**സീനിയേഴ്സ്**

Ist കുമാരി ഷെറിൻ കെ. തോമസ് മണ്ണടി സെന്റ് തോമസ്
IInd കുമാരി ജിൻസി രാജൻ, പുതുവൽ സെന്റ് തോമസ്
IIIrd കുമാരി ജൂബി ജേക്കബ്, ചുനക്കര സെന്റ് തോമസ്

## സൺഡേസ്കൂൾ വിദ്യാർത്ഥിക്യാമ്പ്

കർത്താവിൽ പ്രിയരെ,

നമ്മുടെ കുഞ്ഞുങ്ങൾ യേശുക്രിസ്തുവിൽ പൂർണ്ണ ആളത്വം ദർശിച്ചു വളരുവാൻ നാം സംഘടിപ്പിക്കുന്ന വിദ്യാർത്ഥി ക്യാമ്പുകൾ ഉപകരിക്കുന്നു. അടൂർ ഭദ്രാസനത്തിലെ സൺഡേസ്കൂൾ കുട്ടികൾക്കായുള്ള ഈ വർഷത്തെ ക്യാമ്പ് താഴെ ചേർക്കുന്ന ക്രമീകരണങ്ങളോടെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

**സ്ഥലം: മാർത്തോമ്മാ യൂത്ത് സെന്റർ, അടൂർ**

**സമയം: 2016 മെയ് 13 വെള്ളിയാഴ്ച വൈകിട്ട് 5 മണിമുതൽ 15 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിവരെ**

**പഠനവിഷയം: 'വഴികാട്ടികൾ'** (Trail Blazers)

**ക്യാമ്പ് ഫീസ് : 400 രൂപ**

**കൂടുതൽ വിവരങ്ങൾക്ക്**

**ഒ. കുഞ്ഞുകുട്ടി (സെക്രട്ടറി)**

**9447906844**

മാർത്തോമ്മാ യുവജനസഖ്യം

## കരിയർ ഗൈഡൻസ് പ്രോഗ്രാം

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സഹായത്താൽ ഭദ്രാസന യുവജനസഖ്യം 2016 മാർച്ച് മാസം 13, 20 തീയതികളിൽ യഥാക്രമം തുവയൂർ സെന്റ് ആൻഡ്രൂസ്, പള്ളിക്കൽ സെന്റ് തോമസ് എന്നീ ദേവാലയങ്ങളിൽ കരിയർ ഗൈഡൻസ് പ്രോഗ്രാം സംഘടിപ്പിച്ചു. സഭാ ട്രസ്റ്റി അഡ്വ. പ്രകാശ് പി. തോമസ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ശ്രീ. ബെൻസൻ തോമസ് ജോർജ്ജ് (സി.ഇ.ഒ & മാനേജർ, സിനർജൻ കൺസൾട്ടന്റ്സ്) ക്ലാസുകൾക്ക് നേതൃത്വം നൽകി. സെന്റർ ശാഖാ യുവജന സഖ്യങ്ങളുടെ സഹകരണത്തിലാണ് പ്രോഗ്രാം നടത്തപ്പെട്ടത്. തുടർന്നുള്ള ഘട്ടങ്ങളിൽ കരിയർ ഗൈഡൻസ് ക്ലാസ് സംഘടിപ്പിക്കുവാൻ താല്പര്യപ്പെടുന്ന സെന്ററുകൾ ഭദ്രാസന യുവജനസഖ്യം ചുമതലക്കാരുമായി ബന്ധപ്പെടുക.

## വാർഷിക പ്രതിനിധി സമ്മേളനം

അടൂർ ഭദ്രാസന യുവജനസഖ്യത്തിന്റെ 2015–16 വർഷത്തെ വാർഷിക പ്രതിനിധി സമ്മേളനം 2016 മെയ് 28–ാം തീയതി വൈകിട്ട് 3 മണിക്ക് ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ അടൂർ ഈശോ മാർ തിമൊഥെയോസ് ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നതാണ്.

**ഡെന്നിസ് സാംസൺ**
(ഭദ്രാസന സെക്രട്ടറി)
8893889277

മാർത്തോമ്മാ സുവിശേഷ സേവികാസംഘം

## വാർഷികയോഗവും പ്രതിനിധി സമ്മേളനം

അടൂർ ഭദ്രാസന സുവിശേഷ സേവികാസംഘത്തിന്റെ വാർഷികയോഗവും പ്രതിനിധി സമ്മേളനം 2016 മെയ് 27–ാം തീയതി രാവിലെ 10 മണിക്ക് ഭദ്രാസന അദ്ധ്യക്ഷൻ റൈറ്റ് ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ അടൂർ കൺവൻഷൻ നഗറിൽവച്ച് നടത്തപ്പെടുന്നതാണ്.

**സാറാമ്മ രാജൻ**
(ഭദ്രാസന സെക്രട്ടറി)
9745389652

വനിതാബോധിനിയിൽ പ്രസിദ്ധീകരിച്ചുവരുന്ന "വി. കുർബാന" എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഭദ്രാസനതല പരീക്ഷ 2016 മെയ് 21–ന് രാവിലെ 10 മണിക്ക് അടൂർസ്പിരിചാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്

**സാറാമ്മ രാജൻ**
9745389652

മാർത്തോമ്മാ വികസനസംഘം

## പച്ചപ്പിൽ ജീവന്റെ കൈയ്യൊപ്പ്

മാർത്തോമ്മാ സഭ അടൂർ ഭദ്രാസന വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ കേന്ദ്രവികസനസംഘം നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന ജൈവപച്ചക്കറികൃഷി പദ്ധതി "പച്ചപ്പിൽ ജീവന്റെ കൈയ്യൊപ്പ്" പദ്ധതിയുടെ ഭദ്രാസനതല ഉദ്ഘാടനം റൈറ്റ് റവ.ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ അടൂർ മാർത്തോമ്മാ സഭ സ്പിരിചാലിറ്റി സെന്ററിൽ വച്ച് 2016 ഫെബ്രുവരി 25–ന് നടത്തപ്പെട്ടു. ശ്രീമതി. ഷീജാ മാത്യു (ഡെപ്യൂട്ടി മാനേജർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള) പഠനക്ലാസിനു നേതൃത്വം നൽകി.

## മാർത്തോമ്മാ സന്നദ്ധ സുവിശേഷസംഘം

# വാർഷിക പൊതുയോഗം

അടൂർ ഭദ്രാസന സന്നദ്ധ സുവിശേഷസംഘം വാർഷിക പൊതുയോഗം അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ ഏനാത്ത് മാർത്തോമ്മാ പള്ളിയിൽ വച്ച് 2016 മെയ് 20-ന് രാവിലെ 10 മണിക്ക് നടത്തപ്പെടും.

**കെ.എൻ. തോമസ്**
(ഭദ്രാസന സെക്രട്ടറി)

## മാർത്തോമ്മാ ഗുരുകുലം, മണക്കാല

മാർത്തോമ്മാ സഭയിൽ സുവിശേഷവേലയ്ക്കായി സമർപ്പിക്കപ്പെട്ട കുട്ടികളെ താമസിപ്പിച്ച് പരിശീലിപ്പിക്കുന്ന കേന്ദ്രമാണ് മാർത്തോമ്മാ ഗുരുകുലം. ക്രിസ്തുവാകുന്ന ശ്രേഷ്ഠഗുരുവിനോട് ചേർന്ന് ആരാധന, പഠനം, ധ്യാനം, യോഗാർത്ഥന എന്നിവയിലൂടെ നല്ല സുവിശേഷകരാകുവാൻ ശ്രമിക്കുന്നു. ക്രിസ്തുവിന്റെ വിളിയിലും നിയോഗത്തിലും ഉറ്റിരിപ്പാനും, വേദപുസ്തക ധ്യാനത്തിലും പ്രാർത്ഥനയിലും വിശ്വാസാചരണത്തിലും ക്രമംകൂടാതെ ജീവിപ്പാനും സമൂഹത്തിലും സഭയിലും നല്ല സാക്ഷ്യമുള്ളവരായി വിദ്യ അഭ്യസിപ്പാനും സജ്ജരാകുകയാണ് പ്രധാന ഉദ്ദേശ്യം. 8-ാം ക്ലാസുമുതൽ പഠിപ്പിക്കുന്നവരെ ഇന്റർവ്യൂവിലൂടെ തെരഞ്ഞെടുക്കുകയും തുടർപഠനത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. പാഠ്യപദ്ധതിയോടൊപ്പം പ്രസംഗപരിശീലനം, സുറിയാനി സംഗീതപരിശീലനം, മിഷൻഫീൽഡ് സന്ദർശനം ആദിയായവയും ചെയ്തുവരുന്നു. വ്യത്യസ്ത പ്രവർത്തന മേഖലകൾ മനസ്സിലാക്കുന്നതിനുവേണ്ടി അവയിൽ പ്രവർത്തിക്കുന്നവർ ഇവിടെ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. (Yoga, Counselling, Sacramental Study, Mission, Personality develpment etc.). മാസത്തിൽ രണ്ടാം ശനിയാഴ്ച Parental get to gether and awareness class എന്നിവയും നടത്തിവരുന്നു.

**റവ. ഐസക് മാത്യു**
(ഡയറക്ടർ) 9562626010

## റൈറ്റ് റവ. ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ സ്പിരിച്വാലിറ്റി സെന്റർ, അടൂർ

### പ്രോഗ്രാം

- എല്ലാം മാസത്തിന്റെയും ഒന്നാം ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 വരെ **കരിസ്മാറ്റിക് ധ്യാനം**
- എല്ലാ രണ്ടാംവെള്ളിയാഴ്ചകളിലും വൈകിട്ട് 5 മണിമുതൽ ശനിയാഴ്ച രാവിലെ 8 മണിവരെ **ആൺകുട്ടികൾക്കുവേണ്ടിയുള്ള യൂത്ത് ഫെലോഷിപ്പ്**
- എല്ലാ നാലാം ശനിയാഴ്ചയും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെ **സീനിയർ സിറ്റിസൺസിനുവേണ്ടിയുള്ള പകൽവീട്**
- ആവശ്യാനുസരണം **പ്രീമാരിറ്റൽ, പോസ്റ്റ് മാരിറ്റൽ & ഫാമിലി കൗൺസിലിംഗ്**
- **ലൈബ്രറി ഫെസിലിറ്റീസ്**
- **ട്രെയിനിംഗ് പ്രോഗ്രാംസ് & മാനേജ്മെന്റ് സ്റ്റഡീസ്.**

കൂടുതൽ വിവരങ്ങൾക്ക്:
**റവ. പി.എൻ. അലക്സാണ്ടർ. 9895626486**

# പ്രശ്നോത്തരി

കഴിഞ്ഞ ലക്കത്തിലെ വിജയി

**അന്നമ്മ മാത്യു, വലിയന്തപ്പറമ്പിൽ, പൂങ്കുളഞ്ഞി, പത്തനാപുരം**

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. ഡോ. ഏബ്രഹാം മാർത്തോമ്മാ
2. 1947 സെപ്റ്റംബർ 1
3. സർ സി.പി. രാമസ്വാമി അയ്യർ
4. ആൽബർട്ട് നോബൽ
5. peace in harmony
6. സ്നാപക യോഹന്നാൻ
7. കുരിശ്
8. മോതിരം വാഴ്വ് വിവാഹനിശ്ചയത്തിന്റെ പൂർത്തീകരണത്തെ സൂചിപ്പിക്കുന്നു

## ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. ദാവീദിന്റെ ഭരണസിരാകേന്ദ്രം എന്നറിയപ്പെടുന്ന സ്ഥലം?
2. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത ജനിച്ച വർഷവും തീയതിയും?
3. സഭയുടെ നാല് അതിരുകൾക്കുള്ളിൽ ഒതുങ്ങാത്ത ശുശ്രൂഷ ചെയ്ത തിരുമേനി?
4. സാമൂഹ്യ-സാംസ്കാരികരംഗത്ത് സജീവമായ തിരുമേനി?
5. പരിസ്ഥിതിയെ എങ്ങനെയാണ് സംരക്ഷിക്കേണ്ടത്?
6. സി.ഐ. ഗീവർഗീസ് അച്ചന്റെ ജന്മസ്ഥലം?



**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2016 ജൂൺ 15**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി... ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. വിജയിക്കുള്ള സമ്മാനം ഭദ്രാസന കൺവൻഷനോട് ചേർന്ന് നൽകപ്പെടുന്നതാണ്. തുടർന്നും ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**എഡിറ്റർ**

അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതിന് ജൂൺ 15 - നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം



**ജൂലൈ – സെപ്റ്റംബർ**

**വിഷയം : സ്വാതന്ത്ര്യം – അനുസ്മരണവും ആവിഷ്കാരവും**

**ഒക്ടോബർ – ഡിസംബർ**

**വിഷയം : മാതാപിതാക്കൾ മക്കളുടെ സുവിശേഷകർ**

*വിലാസം:*

**എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691523**

E-mail: hermondoothan@gmail.com

**ഹെർമ്മോൻ ദൂതൻ വരിസംഖ്യ പുതുക്കുവാനുള്ളവർ /പുതിയ വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ വികാരി അച്ചന്മാരുമായോ, അരമന ആഫീസുമായോ ബന്ധപ്പെടുക.**

# തറയിൽകടവ് മിഷൻകേന്ദ്രം

കായംകുളത്തുനിന്ന് 7 കിലോമീറ്റർ മാറി കടലിനും കായലിനും ഇടയ്ക്ക് നമ്മുടെ മിഷൻ സെന്റർ സ്ഥിതി ചെയ്യുന്നു. ഒരുവശത്ത് സമുദ്രവും മറുവശത്ത് കായലും ചേരുന്ന പൊഴി. ആയിരംതെങ്ങ് എന്ന സ്ഥലത്തേയും വലിയ അഴിക്കലിനെയും യോജിപ്പിക്കുന്നു. ഇവിടെ കൊല്ലം, ആലപ്പുഴ ജില്ലകളെ ബന്ധിപ്പിച്ച് പാലം പണി ആരംഭിച്ചിരിക്കുന്നു.

1935-ൽ തറയിൽകടവിൽ പ്രവർത്തനം ആരംഭിച്ചു. ഡോ. ഏബ്രഹാം മാർത്തോമ്മ, മിസ്സ് കെല്ലവേ മദാമ്മയുടെ നേതൃത്വത്തിൽ സേവികാസംഘവും നേതൃത്വം നൽകി, 1956-ൽ സ്നാപനം സ്വീകരിക്കപ്പെട്ട 7 കുടുംബങ്ങളും 39 അംഗങ്ങളും ഉണ്ടായിരുന്നു. 5 പേർ പൂർണ്ണസമയ സുവിശേഷകരായി ഈ ഇടവകയിൽനിന്ന് സഭയ്ക്കു ലഭിച്ചു. ഇപ്പോൾ 4 കുടുംബങ്ങൾ. 1940-കളിൽ മിഷൻവീടും പള്ളിയും പണിയപ്പെട്ടു.

ജനവിഭാഗങ്ങളുടെ ജോലി മീൻപിടുത്തം, സാധാരണക്കാരായ സ്ത്രീകൾ മത്സ്യസംസ്കരണം നടത്തുന്നു. മീൻപിടുത്തം ഇല്ലാത്തപ്പോൾ ദാരിദ്ര്യവും സാമ്പത്തികബുദ്ധിമുട്ടും ഉണ്ടാകുന്നു.

2004 ഡിസംബർ 26-ാം തീയതി ഉണ്ടായ സുനാമിയിൽ തറയിൽകടവും ചുറ്റുപാടും 29 പേരും, അഴിക്കൽ 160 പേരും മരണപ്പെട്ടു. മരിച്ചവരിൽ അധികവും പെൺകുട്ടികൾ ആയിരുന്നു. അവരുടെ ഓർമ്മയ്ക്കായി സുനാമി പാലത്തോടു ചേർന്ന് സ്തംഭം ഉയർത്തി **CASA, WORLD VISION** എന്നീ സംഘടനകൾ ഭവനങ്ങൾ നിർമ്മിച്ചുനൽകി. നമ്മുടെ സഭയും അതിൽ പങ്കുചേർന്നു. നമ്മുടെ പള്ളിക്കും മിഷൻവീടിനും കേടുപറ്റാത്തതിനാൽ ജനങ്ങൾ അഭയം തേടിയത് പള്ളിയിലാണ്.

നിലച്ചുപോയ പ്രവർത്തനങ്ങൾ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ ഉത്സാഹത്തിൽ, സെന്റർ സന്നദ്ധ സുവിശേഷകസംഘത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തി. സുവിശേഷകൻ കുടുംബമായി താമസിച്ച് പ്രവർത്തിക്കുന്നു. തബിഥാ സ്കൂൾ ഓഫ് ടെയ്‌ലറിംഗ് ആദ്യബാച്ച് പഠനം പൂർത്തീകരിച്ച്, രണ്ടാം ബാച്ച് ആരംഭിച്ചിരിക്കുന്നു. സെന്ററിലെ എല്ലാ ഇടവകയുടെയും സഹകരണത്തോടെ ട്യൂഷൻ ക്ലാസ് നടന്നുവരുന്നു. 5 മുതൽ 10 വരെ ക്ലാസുകളിലെ 80 കുട്ടികളും 5 ടീച്ചേഴ്സും ഉണ്ട്.

## ഭദ്രാസന സുവിശേഷനിധി

**ഭദ്രാസന സുവിശേഷനിധി രണ്ട് ഗഡുക്കളായാണല്ലോ നാം ക്രമീകരിച്ചിരിക്കുന്നത്. ജൂൺ, ഡിസംബർ മാസത്തിൽ അത് ശേഖരിച്ച് ഭദ്രാസന ഓഫീസിൽ അയയ്ക്കണമേ.**